**സിനഡിന്റെ മൂന്നാം അസാധാരണ പൊതുസമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ**

ഇത് പതിനാലാം സാധാരണ സിനഡിന്റെ പഠനരേഖ (Lineamenta) യായി ഉപയോഗിക്കണം.
എല്ലാ തലങ്ങളിലും ചർച്ചയ്ക്ക് വിധേയമാക്കാം.

റവ. ഫാ. ജോസ് കോട്ടയിൽ
സെക്രട്ടറി, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ

**ആമുഖം**

1. സിനഡു മെത്രാന്മാർ പരിശുദ്ധപിതാവിനു ചുറ്റും സമ്മേളിച്ച് ലോകത്തിലെ എല്ലാ കുടുംബങ്ങളെയും കുറിച്ചും ഓരോ കുടുംബത്തിന്റെയും സന്തോഷങ്ങളെയും പ്രയാസങ്ങളെയും പ്രതീക്ഷകളെയും കുറിച്ചും ചിന്തിച്ചു. തങ്ങളുടെ വിളിയോടും ദൗത്യത്തോടും പ്രത്യുത്തരിക്കുന്ന കുടുംബങ്ങളുടെ ഔദാര്യത്തെയും വിശ്വസ്തതയെയും ഓർത്ത് അസംബ്ളിയിലെ അംഗങ്ങൾ കർത്താവിനു നന്ദി പറഞ്ഞു. ആ കുടുംബങ്ങൾ പ്രയോസങ്ങളും തെറ്റിധാരണകളും സഹനവും നേരിട്ടുകൊണ്ട് സന്തോഷത്തോടും പ്രത്യാശയോടം കൂടി തങ്ങളുടെ വിളിയോടും ദൗത്യത്തോടും പ്രത്യുത്തരിക്കുന്നു. മുഴുവൻ സഭയും ഈ സിനഡും ഈ കുടുംബങ്ങൾക്ക് പ്രശംസയും കൃതജ്ഞതയും പ്രോത്സാഹനവും സമർപ്പിക്കുന്നു.

കുടുംബത്തെക്കുറിച്ചുള്ള സിനഡിന് ഒരുക്കമായി സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ 2014 ഒക്ടോബർ 4-ന് ജാഗരണ പ്രാർത്ഥന നടന്നു. ആ സമയത്ത്, ഓരോ മനുഷ്യന്റെയും ജീവിതത്തിൽ കുടുംബത്തിനുള്ള കേന്ദ്രീയതയെക്കുറിച്ച് പരിശുദ്ധ പിതാവ് ലളിതവും പൂർണവുമായ ഭാഷയിൽ ഇങ്ങനെ പറഞ്ഞു: “നമ്മുടെ സമ്മേളനത്തിൻമേൽ സായാഹ്നസന്ധ്യയുടെ ഇരുട്ടു വ്യാപിച്ചു തുടങ്ങി. ഒരു വ്യക്തി മനഃപൂർവം വീട്ടിലേക്കു തിരിച്ചു പോകുന്ന സമയമാണിത്. ഒരേമേശയ്ക്ക് ചുറ്റും കുടുംബാംഗങ്ങളെ കാണാൻ പോകുന്ന സമയം. അഗാധമായ വാത്സല്യത്തോടെ, ചെയ്തതും സ്വീകരിച്ചതുമായ നന്മകളോടെ, ഹൃദയം ഊഷ്മളമാക്കുകയും വളർത്തുകയും ചെയ്യുന്ന കണ്ടുമുട്ടലിനായി മനുഷ്യജീവിതത്തിലെ അവസാനിക്കാത്ത ഉത്സവത്തിന്റെ മുന്തിരിച്ചാറിനായി പോകുന്ന സമയം. ഇത് ഏറ്റവും ഭാരമുള്ള മണിക്കൂറുമാണ്. തന്റെ ഏകാന്തതയെ കണ്ടുമുട്ടുന്ന, തകർന്ന സ്വപ്നങ്ങളുടെയും പദ്ധതികളുടെയും കയ്പുനിറഞ്ഞ അരണ്ട വെളിച്ചത്തിൽ കണ്ടുമുട്ടുന്ന മണിക്കൂർ. എത്രയോ ഭവനങ്ങളിൽ സന്തോഷത്തിന്റെ മുന്തരിച്ചാറ് കുറഞ്ഞുപോയിരിക്കുന്നു. അതുകൊണ്ട് ജീവിതത്തെക്കുറിച്ചുള്ള ഉത്സാഹം-ജ്ഞാനം തന്നെ കുറഞ്ഞുപോയിരിക്കുന്നു. ഈ സായാഹ്നസന്ധ്യയിൽ നമുക്കു എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാം. ഒരാൾ മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കാം”.

2. കുടുംബങ്ങളിൽ സന്തോഷങ്ങളും പരീക്ഷകളുമുണ്ട്. അഗാധമായ സ്നേഹവും ചിലപ്പോൾ മുറിപ്പെടാവുന്ന ബന്ധങ്ങളുമുണ്ട്. കുടുംബം യഥാർത്ഥത്തിൽ “മനുഷ്യവംശത്തിന്റെ വിദ്യാലയം” (ഗാവുദിയും ഏത് സ്പെസ് 52) ആണ്. അത് ഇന്ന് ഏറെ ആവശ്യമായിരിക്കുന്നു. “ആഗോള ഗ്രാമ”ത്തിന്റെ വിവിധ മണ്ഡലങ്ങളിൽ കുടുംബമെന്ന സ്ഥാപനത്തിൽ വിഷമസ്ഥിതിയുടെ അനേകം അടയാളങ്ങൾ കാണാനുണ്ട്. എന്നാലും വിവാഹം ചെയ്യാനും കുടുംബത്തിനു രൂപം നല്കാനുമുള്ള ആഗ്രഹം സുശക്തമാണ്, പ്രത്യേകിച്ച് യുവജനങ്ങളിൽ. “കുടുംബത്തിന്റെ സുവിശേഷം” നിരന്തരം അഗാധമായ അവബോധത്തോടെ പ്രഘോഷിക്കുകയെന്ന സഭയുടെ ആവശ്യത്തിന്റെ അടിസ്ഥാനം അതാണ്. ആ സുവിശേഷം യേശുക്രിസ്തുവിലുള്ള ദൈവികസ്നേഹത്തിന്റെ വെളിപാടിനോടൊപ്പം സഭയ്ക്കു നല്കപ്പെട്ടിരിക്കുന്നതും സഭാപിതാക്കന്മാരും ആധ്യാത്മികഗുരുക്കന്മാരും സഭയുടെ പ്രബോധനാധികാരവും നിരന്തരം പഠിപ്പിച്ചിട്ടുള്ളതുമാണ്. സഭയെ സബന്ധിച്ചിടത്തോളം കുടുംബം അനന്യമാംവിധം പ്രധാനപ്പെട്ടതാ

ണ്. തങ്ങളെപ്പറ്റിയെന്നതിനെക്കാൾ മറ്റുള്ളവരെപ്പറ്റി ചിന്തിക്കാൻ വിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്ത് കുടുംബത്തെ, സുവിശേഷവേലയുടെ അടിസ്ഥാനപ്രവർത്തനഘടകമായി, വീണ്ടും കണ്ടെത്തേണ്ടിയിരിക്കുന്നു.

3. റോമിന്റെ മെത്രാൻ ഒക്ടോബർ 2014-ൽ അസാധാരണ ജനറൽ അസംബ്ലിയിൽ, കുടുംബമെന്ന നിർണായകവും അമൂല്യവുമായ വസ്തുതയെപ്പറ്റി ചിന്തിക്കാൻ മെത്രാന്മാരുടെ സിനഡിനോട് ആവശ്യപ്പെട്ടു. ആ പരിചിന്തനം 2015 ഒക്ടോബറിൽ നടക്കാനിരിക്കുന്ന ഓർഡിനറി സിനഡിന്റെ ജനറൽഅസംബ്ലിയിൽ കൂടുതൽ ആഴത്തിൽ നടത്തപ്പെടും. സിനഡുപരമായ ഇപ്പറഞ്ഞ രണ്ടു സമ്മേളനങ്ങളുടെയും ഇടയിലുള്ള കാലത്തും അപ്രകാരം ചെയ്യപ്പെടും. "റോമിലെ മെത്രാനു ചുറ്റും ഒന്നായി സമ്മേളിപ്പിക്കുകയെന്നത് ദൈവകൃപയുടെ ഒരു സംഭവമാണ്. ആ സമ്മേളനത്തിൽ ആധ്യാത്മികവും അജപാലനപരവുമായ തിരിച്ചറിയലിന്റെ മാർഗത്തിൽ മെത്രാന്മാരുടെ സംഘാത്മകത വ്യക്തമാക്കപ്പെടും". സിനഡിന്റെ അനുഭവം വിവരിച്ചുകൊണ്ടും പെട്ടെന്ന് ചെയ്യേണ്ടകാര്യം സൂചിപ്പിച്ചുകൊണ്ടും ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞ വാക്കുകളാണിവ. ആ കാര്യം ഇതാണ്: ദൈവത്തിന്റെയും മനുഷ്യചരിത്രത്തിന്റെയും അടയാളങ്ങൾ വായിച്ചറിയുക. ആ തിരിച്ചറിവിലുണ്ടായിരിക്കേണ്ട വിശ്വസ്തതയോടെ വായിച്ചറിയുക. ആ വായന വിശ്വസ്ത ഉൾക്കൊള്ളുന്ന ദ്വിവിധത്തിലുള്ളതാണെങ്കിലും ഏകമാണ്.

4. ഈ വാക്കുകൾ മനസ്സിൽ വച്ചുകൊണ്ട് ഞങ്ങൾ സമ്മേളിച്ചു. ഞങ്ങളുടെ പരിചിന്തനത്തിന്റെയും ചർച്ചകളുടെയും ഫലങ്ങൾ താഴെക്കാണുന്ന മൂന്നുഭാഗങ്ങളിലായി വിവരിച്ചിരിക്കുന്നു:

1) ഇന്നത്തെ കുടുംബത്തെ അതിന്റെ സർവസങ്കീർണതകളോടും, പ്രകാശങ്ങളോടും നിഴലുകളോടും കൂടി, ശ്രവിക്കുകയും നോക്കിക്കാണുകയും ചെയ്യുക. 2) കുടുംബത്തിന്റെ സൗന്ദര്യത്തെയും മഹത്ത്വത്തെയും കുറിച്ച് സഭയുടെ വിശ്വാസത്തിൽ പകർന്നുതന്നിട്ടുള്ള വെളിപാട് പറയുന്നതെന്താണെന്ന് നോക്കുക. നവീകൃത നവീനതയോടും ആവേശത്തോടും കൂടി, ക്രിസ്തുവിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ട് വീണ്ടും വിലയിരുത്തുക. 3) കർത്താവായ യേശുവിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടും സാഹചര്യത്തെ നേരിട്ടുകൊണ്ടും കുടുംബത്തോടുള്ള സമർപ്പണം സഭയ്ക്കും സമൂഹത്തിനും എങ്ങനെ നവീകരിക്കാൻ കഴിയുമെന്ന് വീണ്ടും വിലയിരുത്തുക.

## ഭാഗം ഒന്ന്

## കുടുംബത്തിന്റെ സാഹചര്യവും അതു നേരിടുന്ന വെല്ലുവിളികളും ശ്രദ്ധിച്ചുകൊണ്ട്

### സാമൂഹിക, സാംസ്കാരിക സാഹചര്യം

5. ഇന്നത്തെ കുടുംബമെന്ന യാഥാർത്ഥ്യത്തെ അതിന്റെ സകല സങ്കീർണതകളോടും കൂടി, അതിന്റെ പ്രകാശങ്ങളോടും നിഴലുകളോടുംകൂടി, ക്രിസ്തുവിന്റെ പ്രബോധനത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട്, ഞങ്ങൾ നോക്കിക്കാണുന്നു. മാതാപിതാക്കളിലേക്കും മുത്തച്ഛന്മാരിലേക്കും, സഹോദരന്മാരിലേക്കും സഹോദരിമാരിലേക്കും അടുത്തവരും അകന്നവരുമായ ബന്ധുക്കളിലേക്കും രണ്ടു കുടുംബങ്ങൾ തമ്മിൽ വിവാഹം വഴി രൂപപ്പെട്ട ബന്ധത്തിലേക്കും ഞങ്ങൾ ചിന്ത തിരിക്കുന്നു. നമ്മുടെ കാലഘട്ടത്തിലെ നരവംശശാസ്ത്രപരവും സാംസ്കാരികവുമായ മാറ്റങ്ങൾ ജീവിതത്തിന്റെ സകല വശങ്ങളെയും ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് അപഗ്രഥനപരവും വ്യത്യസ്തത ഉൾക്കൊള്ളുന്നതുമായ സമീപനം ആവശ്യമാണ്. ആദ്യം ഭാവാത്മക വശങ്ങളെ ഉയർത്തിക്കാണിക്കണം. ഉദാഹരണമായി ആശയ

വനിമയത്തിന് കൂടുതൽ സ്വാതന്ത്ര്യമുണ്ട്. ലോകത്തിന്റെ ചില ഭാഗങ്ങളിലെങ്കിലും സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ കൂടുതൽ അംഗീകരിക്കപ്പെടുന്നുണ്ട്. മറുവശത്ത്, ദ്രോഹകരമായ വ്യക്തി ഗതവാദ (Individualism) മാകുന്ന വർധമാനമായ അപകടമുണ്ട്. തുല്യതോതിൽ അതിനെയും പരിഗ ണിക്കണം. വ്യക്തിഗതവാദം കുടുംബബന്ധങ്ങളെ വികൃതമാക്കുന്നു. കുടുംബത്തിന്റെ ഓരോ ഘട കവും ഒറ്റപ്പെട്ടതായി കരുതുന്നു. ചിലപ്പോൾ ഒരു വ്യക്തി രൂപപ്പെടേണ്ടത് അവന്റെ സ്വന്തം ആഗ്രഹങ്ങ ളനുസരിച്ചാണെന്ന ചിന്തയിലേക്ക് അതു നയിക്കുന്നു. ആ ആഗ്രഹങ്ങളാകട്ടെ സ്വയാധിപത്യമുള്ള വയായി കരുതപ്പെടുന്നു. ഇതിനോടു ചേർത്തുപറയേണ്ടതാണ് വിശ്വാസത്തെ സംബന്ധിച്ച വിഷമ സ്ഥിതി. അത് അനേകം കത്തോലിക്കരിലുണ്ട്. അത് മിക്കപ്പോഴും വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച വിഷമസ്ഥിതിക്ക് കാരണമാകുന്നു.

6. സമകാലീന സംസ്കാരത്തിലെ ഏറ്റവും പരിതാപകരമായ ഒരു വശം അതിലുള്ള ഏകാന്തതയാണ്. അത് വ്യക്തിയുടെ ജീവിതത്തിൽ ദൈവവിശ്വാസത്തിന്റെ അഭാവംകൊണ്ടും ബന്ധങ്ങളുടെ ക്ഷണഭം ഗുരതകൊണ്ടും സംഭവിക്കുന്നു. സാമൂഹിക-സാംസ്കാരിക യാഥാർഥ്യങ്ങളുടെ മുമ്പിൽ ദുർബലതയെ സംബന്ധിച്ച പൊതുവായ ഒരു തോന്നലുമുണ്ട്. അതു മിക്കപ്പോഴും കുടുംബങ്ങളെ തകർക്കുന്നു. വർധിച്ചുവരുന്ന ദാരിദ്ര്യവും തൊഴിലില്ലായ്മയും അത്തരം യാഥാർത്ഥ്യങ്ങളാണ്. അത് ചില പ്പോൾ യഥാർത്ഥ പേടിസ്വപ്നമാണ്. അജയ്യമായ സാമ്പത്തിക പ്രയാസമാണ്. അതു യുവജനങ്ങളെ വിവാഹം ചെയ്യുന്നതിൽ നിരുത്സാഹരാക്കുന്നു. കുടുംബങ്ങൾ പലപ്പോഴും സ്ഥാപനങ്ങളുടെ താത്പ ര്യമില്ലായ്മകൊണ്ടും ശ്രദ്ധയില്ലായ്മകൊണ്ടും പരിത്യക്തത അനുഭവിക്കുന്നു. നിഷേധാത്മകമായ സ്വാധീനം സമൂഹഘടനയിലുണ്ടാകുന്നത് വ്യക്തമായി കാണാം. ജനസംഖ്യ ന്യൂനീകരണമാകുന്ന വിഷമസ്ഥിതിയിൽ അതു വ്യക്തമാണ്. കുട്ടികളെ വളർത്താനുള്ള പ്രയാസത്തിലും പുതിയ ജീവനെ സ്വാഗതം ചെയ്യുന്നതിനെ സംബന്ധിച്ച സന്ദേഹത്തിലും വാർധക്യത്തിലെത്തിയവരെ ഭാരമായി കരു തുന്നതിലും അതു വ്യക്തമാണ്, ഇതെല്ലാം വ്യക്തിയുടെ വൈകാരിക സന്തുലിതാവസ്ഥയെ ബാധിക്കു ന്നുണ്ട്. അതു ചിലപ്പോൾ അക്രമത്തിലേക്കു നയിക്കുന്നു. രാഷ്ട്രത്തിന് ഒരു ഉത്തരവാദിത്വമുണ്ട്. യുവ ജനത്തിന്റെ ഭാവി ഉറപ്പുവരുത്താനും കുടുംബം രൂപീകരിക്കാനുള്ള അവരുടെ പദ്ധതി സാക്ഷാത്കരി ക്കുന്നതിനു സഹായിക്കാനും വേണ്ടി നിയമനിർമ്മാണം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടി ക്കുകയും ചെയ്യുകയെന്നതാണ് ആ ഉത്തരവാദിത്വം.

7. ചില സാംസ്കാരിക-മതാത്മക സാഹചര്യങ്ങൾ പ്രത്യേക വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ചില സ്ഥലങ്ങളിൽ ഇന്നും ബഹുഭാര്യാത്വമുണ്ട്. പ്രാചീനപാരമ്പര്യങ്ങളുള്ള ചിലസ്ഥലങ്ങളിൽ ഘട്ടങ്ങളി ലുള്ള വിവാഹം (“marriage in stages”) എന്ന പതിവുണ്ട്. മറ്റു സ്ഥലങ്ങളിൽ ചിരംസ്ഥായിയായ സമ്പ്രദായമെന്ന നിലയിൽ “ആസൂത്രിത വിവാഹങ്ങ”ളുണ്ട്. കത്തോലിക്കർ ന്യൂനപക്ഷമായിരിക്കുന്ന സ്ഥലങ്ങളിൽ മിശ്രവിവാഹങ്ങളും മതാന്തരവിവാഹങ്ങളും നടക്കുന്നു. അവയിലെല്ലാം പ്രയാസങ്ങൾ അന്തർലീനമായിട്ടുണ്ട്. നിയമാനുസൃതത്വം, മാമ്മോദീസ, കുട്ടികളെ വളർത്തൽ, മതസ്വാതന്ത്ര്യത്തിന്റെ കാര്യത്തിലുള്ള പരസ്പര ബഹുമാനം മുതലായവയെ സംബന്ധിച്ച പ്രശ്നങ്ങളുണ്ട്. ആപേക്ഷികതാ വാദം അഥവാ നിസ്സംഗത എന്ന അപകടത്തെപ്പറ്റി പറയേണ്ടതില്ല. അതേസമയം, എക്യുമെനിസത്തി ന്റെയും മതാന്തരസംവാദത്തിന്റെയും ചൈതന്യത്തെ അനുകൂലിക്കുന്നതിൽ വലിയ കഴിവു അത്തരം വിവാഹങ്ങൾക്ക് പ്രദർശിപ്പിക്കാൻ കഴിയും. ഒരിടത്ത് പല മതങ്ങൾ ഐക്യത്തോടെ ജീവിക്കുന്നതുവഴി അതു സാധ്യമാകും. പാശ്ചാത്യസമൂഹങ്ങൾക്കു വെളിയിലും വിവാഹത്തിനു മുമ്പുള്ള കൂടിത്താമസം (cohabitation) എന്ന സമ്പ്രദായം വർധിച്ചുവരുന്നു. നിയമപരമയ ബന്ധമുണ്ടാകാൻ ആഗ്രഹിക്കാതെ ഒന്നിച്ചുതാമസിക്കലാണത്.

8. അനേകം കുട്ടികൾ വിവാഹത്തിനു വെളിയിൽ ജനിക്കുന്നുണ്ട്. ചില സംസ്കാരങ്ങളിൽ വളരെ യേറെ കുട്ടികൾ അങ്ങനെ ജനിക്കുന്നു. അവരിൽ പലരും മാതാപിതാക്കളിൽ ഒരാളുടെ കൂടെ വളരുന്നു. അല്ലെങ്കിൽ സമ്മിശ്രിതമായ, പുനഃസ്ഥാപിതമായ കുടുംബങ്ങളിൽ വളരുന്നു. വിവാഹമോചനം വർധിച്ചുവരുന്നു. പലപ്പോഴും സാമ്പത്തികപ്രശ്നങ്ങൾ മൂലമാണ് അവ ഉണ്ടാകുന്നത്. പലപ്പോഴും കുട്ടികൾ മാതാപിതാക്കൾ തമ്മിലുള്ള തർക്കത്തിനുള്ള വിഷയമാകുകയും കുടുംബത്തകർച്ചയുടെ ഇരകളാകുകയും ചെയ്യുന്നു. സാമ്പത്തിക കാരണങ്ങളാലല്ലാതെ തന്നെ പലപ്പോഴും പിതാക്കന്മാർ കുടുംബങ്ങളിൽ നിന്നു ഒഴിഞ്ഞു നില്ക്കുന്നുണ്ട്. അവർ കുട്ടികളെയും കുടുംബത്തെയും സംബന്ധിച്ച ഉത്തരവാദിത്വം കൂടുതൽ വ്യക്തമായി ഏറ്റെടുക്കണം.

സ്ത്രീകളുടെ മഹത്ത്വം ഇനിയും സംരക്ഷിക്കുകയും വളർത്തുകയും വേണം. യഥാർത്ഥത്തിൽ ഇന്ന് പല സ്ഥലങ്ങളിലും ഒരു സ്ത്രീയായിരിക്കുകയെന്നത് വിവേചനത്തിന്റെ ഉറവിടമാണ്. മാതൃത്വമെന്ന ദാനം വിലമതിക്കപ്പെടുന്നതിനുപകരം ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. സ്ത്രീകൾക്കെതിരേയുള്ള അക്രമം കണ്ടില്ലെന്നു വയ്ക്കാൻ പറ്റുകയില്ല. അക്രമം വർധിച്ചുവരുകയാണ്. നിർഭാഗ്യവശാൽ അത് കുടുംബങ്ങൾക്കുള്ളിൽ നടക്കുന്നു. ചില സംസ്കാരങ്ങളിൽ ഗൗരവപൂർണവും വ്യാപകവുമായിട്ടുള്ള വന്ധ്യംകരണമെന്ന സമ്പ്രദായത്തിന്റെ ഫലമായിട്ടാണ് അത് ഉണ്ടാകുന്നത്.

കുട്ടികളെ ലൈംഗിക ദുരുപയോഗത്തിനു ഇരകളാക്കുകയെന്നത് ഉത്കണ്ഠയുണ്ടാക്കുന്നതും നികൃഷ്ടവുമായ മറ്റൊരു യാഥാർത്ഥ്യമാണ്, ഇന്നത്തെ സമൂഹത്തിൽ. യുദ്ധം, ഭീകരവാദം സംഘടിതമായ അക്രമങ്ങൾ എന്നിവ നടമാടുന്ന സമൂഹങ്ങൾ കുടുംബത്തകർച്ചയ്ക്ക് സാക്ഷ്യം വഹിക്കുന്നു. അത് സർവോപരി വലിയ നഗരങ്ങളിലാണു സംഭവിക്കുന്നത്. അവിടങ്ങളിൽ തെരുവുകുട്ടികൾ എന്ന പ്രതിഭാസം അവയുടെ അതിരുകളിൽ വളർന്നുവരുന്നു. കൂടാതെ, കുടിയേറ്റം ഈ കാലഘട്ടത്തിന്റെ മറ്റൊരു അടയാളമാണ്. അതു കുടുംബജീവിതത്തിനുണ്ടാക്കുന്ന ഭാരപ്പെട്ട അനന്തരഫലങ്ങൾ കണക്കിലെടുത്ത് അതിനെ നേരിടുകയും മനസ്സിലാക്കുകയും വേണം.

**വൈകാരികതയുടെ പ്രാധാന്യം ജീവിതത്തിൽ**

9. മുൻസൂചിപ്പിച്ച സാമൂഹിക സാഹചര്യത്തെ നേരിടുമ്പോൾ ലോകത്തിന്റെ പല ഭാഗത്തുമുള്ള ആളുകൾക്ക് തങ്ങളെത്തന്നെ സൂക്ഷിക്കാനും തങ്ങളെത്തന്നെ കൂടുതൽ നന്നായി അറിയാനും വികാരങ്ങളോടു കൂടുതൽ ഐക്യപ്പെട്ടു ജീവിക്കാനും തങ്ങളുടെ വൈകാരികത (affectivity) ആവുന്നത്ര പാലിച്ചു ജീവിക്കാനും പരിശ്രമിക്കുകയെന്നത് കൂടുതൽ ആവശ്യമുള്ള കാര്യമായി തോന്നുന്നു. ശരിയായ ഈ ആഗ്രഹങ്ങൾ സ്വയംദാനത്തിന്റെയും സർഗാത്മക പാരസ്പര്യത്തിന്റെയും ബന്ധങ്ങൾ സ്ഥാപിക്കാനുള്ള കൂടുതൽ വലിയ പരിശ്രമത്തിലേക്കും നയിക്കും. ആ ഗുണങ്ങൾ കുടുംബത്തിലുള്ളവയെപ്പോലെ തന്നെ ശക്തീകരിക്കുകയും സഹായിക്കുകയും ചെയ്യും. എന്നാൽ ഈ വിഷയത്തിൽ വ്യക്തിവാദവും തനിക്കുംവേണ്ടി മാത്രം ജീവിക്കുകയെന്നതും യഥാർത്ഥ അപകടമാണ്. ഈ വിഷയത്തിൽ സഭ നേരിടുന്ന വെല്ലുവിളി ഇതാണ്: സംവാദം, പുണ്യം, ദൈവത്തിന്റെ കരുണാപൂർണമായ സ്നേഹത്തിലുള്ള വിശ്വാസം എന്നിവയുടെ പോഷണത്തിലൂടെ ദമ്പതികൾ തങ്ങളുടെ വൈകാരികതയെ പക്വതയിലെത്തിക്കാനും അതിനെ വികസിപ്പിക്കാനും അവരെ സഹായിക്കുക. വിവാഹം ആവശ്യപ്പെടുന്ന സമ്പൂർണസമർപ്പണം സ്വാർത്ഥത നിറഞ്ഞ വ്യക്തിവാദത്തിലേക്കുള്ള പ്രലോഭനത്തിനെതിരായ സുശക്തമായ മറുമരുന്നായിരിക്കും.

10. ഇന്നത്തെ ലോകത്തിലുള്ള സാംസ്കാരികപ്രവണതകൾ വ്യക്തിയുടെ വൈകാരികതയ്ക്ക് അതിരുകളൊന്നും നിശ്ചയിക്കുന്നില്ലെന്നു തോന്നുന്നു. അതിൽ ഓരോ വശവും, ഏറെ സങ്കീർണമായവപോലും,

കണ്ടുപിടിക്കേണ്ടിവരുന്നു. യഥാർത്ഥത്തിൽ ഇന്ന് വ്യക്തിയുടെ വൈകാരികത ഏറെ ക്ഷണഭംഗുരമാണ്. സ്വാത്മപ്രേമപരമായ, സ്ഥിരതയില്ലാത്ത, മാറിക്കൊണ്ടിരിക്കുന്ന വൈകാരികത ഒരു വ്യക്തിയെ വൈകാരികപക്വതയിലേക്കു വളരാൻ എപ്പോഴും സഹായക്കുന്നില്ല. അശ്ലീലസാഹിത്യത്തിന്റെ വ്യാപനവും ശരീരത്തെ വ്യവസായവത്കരിക്കലും പ്രത്യേകമാംവിധം അസ്വസ്ഥതയുണ്ടാക്കുന്നതാണ്. അവ ഇന്റർനെറ്റിന്റെ ദുരുപയോഗത്താലും പോഷിപ്പിക്കപ്പെടുന്നു. ഗർഹണീയമായ സാഹചര്യങ്ങളാലും അവ വളർത്തപ്പെടുന്നുണ്ട്. അവിടെ ആളുകൾ വേശ്യാവൃത്തിയിലേക്കു നിർബന്ധപൂർവം നയിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ, ദമ്പതികൾ മിക്കപ്പോഴും തീർച്ചയില്ലാത്തവരായിത്തീരുന്നു. സംശയഗ്രസ്തരായിത്തീരുന്നു. വളരാനുള്ള മാർഗങ്ങൾ കണ്ടെത്താൻ കഠിനശ്രമം ചെയ്യുന്നവരായിത്തീരുന്നു. അനേകർ വൈകാരിക ജീവിതത്തിന്റെയും ലൈംഗിക ജീവിതത്തിന്റെയും ആദിമഘട്ടങ്ങളിൽ തന്നെ നിലനില്ക്കാനുള്ള പ്രവണത കാണിക്കുന്നു. ദമ്പതികളുടെ പരസ്പരബന്ധത്തിലുണ്ടാകുന്ന ഒരു വിഷമസ്ഥിതി വേർപെടൽ വഴിയും വിവാഹമോചനം വഴിയും കുടുംബത്തെ സ്ഥിരയില്ലാത്തതാക്കുന്നു. അത് മുതിർന്നവരിലും കുട്ടികളിലും പൊതുവേ സമൂഹത്തിലും ഗൗരവപൂർണമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നു. സമൂഹത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ ബന്ധങ്ങളെ ദുർബലപ്പെടുത്തിക്കൊണ്ട് അങ്ങനെ ചെയ്യുന്നു.

കുട്ടികൾ ഉണ്ടായിരിക്കണമെന്നതിനു എതിരായിട്ടുള്ള മനോഭാവം മൂലം ജനസംഖ്യ കുറഞ്ഞുപോകുന്നു. പ്രത്യുത്പാദനപരമായ ആരോഗ്യത്തെ സംബന്ധിച്ച ലൗകികരാഷ്ട്രീയത്താൽ അതു പ്രോത്സാഹിപ്പിക്കപ്പെടുന്നു. ജനസംഖ്യ ന്യൂനീകരണം തലമുറകൾ തമ്മിലുള്ള ബന്ധത്തെ അരക്ഷിതമാക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല ചെയ്യുന്നത്. മറ്റൊരു അപകടം കൂടി അതു വരുത്തിവയ്ക്കും. അതായത്, കാലക്രമേണ ഈ ജനന്യൂനീകരണം സാമ്പത്തിക ദാരിദ്ര്യത്തിലേക്കു നയിക്കുകകൂടി ചെയ്യും. ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷ അതു തകർക്കുകയും ചെയ്യും.

**അജപാലനപരമായ വെല്ലുവിളികൾ**

11. ഈ വിഷയത്തിൽ, പ്രത്യാശയുടെ പ്രത്യേകമായി അർത്ഥപൂർണമായ വാക്ക് പറഞ്ഞുകൊടുക്കേണ്ടതുണ്ടെന്ന് സഭയ്ക്ക് ബോധ്യമുണ്ട്. മനുഷ്യവ്യക്തി ദൈവത്തിൽ നിന്നു വരുന്നു എന്ന അവബോധത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വാക്കായിരിക്കണം അത്. മനുഷ്യവ്യക്തി ദൈവത്തിൽ നിന്നു വരുന്നതാകയാൽ മനുഷ്യാസ്തിത്വത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള മഹത്തായ ചോദ്യത്തെ ഏതെങ്കിലും തരത്തിൽ പുനഃപരിശോധിക്കുന്നത് മനുഷ്യന്റെ ഏറ്റവും അഗാധമായ പ്രതീക്ഷകൾക്കു വിപരീതമായ പ്രവൃത്തിയായിരിക്കും. വിവാഹത്തിന്റെയും ക്രൈസ്തവകുടുംബത്തിന്റെയും മഹത്തായ മൂല്യങ്ങൾ മനുഷ്യാസ്തിത്വത്തിനു സ്വാഭാവികമായിട്ടുള്ള അന്വേഷണത്തിനു ചേർന്നതാണ്. വ്യക്തിമാഹാത്മ്യവാദത്തിന്റെയും സുഖവാദത്തിന്റെയും ഇക്കാലഘട്ടത്തിൽ പോലും അപ്രകാരമുള്ളതാണ്.

ജനങ്ങൾ ജീവിതത്തിന്റെ വസ്തുനിഷ്ഠമായ സാഹചര്യങ്ങളിൽ സ്വീകരിക്കപ്പെടണം. അവരുടെ അന്വേഷണത്തിൽ അവരെ എങ്ങനെ പിൻതാങ്ങാനാവുമെന്ന് നമ്മൾ അറിയണം. ദൈവത്തിനുവേണ്ടിയുള്ള അവരുടെ വിശപ്പിലും സഭയിൽ പൂർണമായ അംഗത്വമുണ്ടായിരിക്കാനുള്ള അവരുടെ ആഗ്രഹത്തിലും അവരെ ധൈര്യപ്പെടുത്തണം. പരാജയപ്പെട്ടവരെയും സ്വയം വിവിധ സാഹചര്യങ്ങളിൽ കാണുന്നവരെയും ധൈര്യപ്പെടുത്തണം. ക്രിസ്തുവിൽ കൂട്ടിമുട്ടുന്ന കാരുണ്യത്തിന്റെയും സത്യത്തിന്റെയും യാഥാർത്ഥ്യവും സ്വയം ചാലകത്വവും ക്രൈസ്തവസന്ദേശത്തിൽ എപ്പോഴും ഉൾക്കൊണ്ടിട്ടുണ്ട്.

**ഭാഗം രണ്ട്**

## ക്രിസ്തുവിലേക്കു നോക്കൽ: കുടുംബത്തിന്റെ സുവിശേഷം
## യേശുവിലേക്കു നോക്കലും രക്ഷാചരിത്രത്തിലെ ദൈവികപ്രബോധനശാസ്ത്രവും

12. "സമകാലിക വെല്ലുവിളികളുടെയിടയിൽ സഞ്ചരിക്കാൻ നിർണായക വ്യവസ്ഥ യേശുക്രിസ്തുവിൽ ഉറപ്പിച്ച നോട്ടത്തെ സംരക്ഷിക്കുകയും അവിടത്തെ മുഖത്തെപ്പറ്റി ധ്യാനിക്കാനും അതിനെ ആരാധിക്കാനും നില്ക്കുകയും ചെയ്യുകയെന്നതാണ്...യഥാർത്ഥത്തിൽ ക്രൈസ്തവാനുഭവത്തിന്റെ ഉറവിടത്തിലേക്ക് നാം തിരിയുമ്പോഴെല്ലാം പുതിയ മാർഗങ്ങളും സ്വപ്നത്തിൽപോലും കാണാത്ത സാധ്യതകളും തെളിഞ്ഞുവരും" (ഫ്രാൻസിസ് മാർപാപ്പാ, അഭിമുഖപ്രഭാഷണം, 4 ഒക്ടോബർ 2014). താൻ കണ്ടുമുട്ടിയ സ്ത്രീപുരുഷന്മാരെ സ്നേഹത്തോടും വാത്സല്യത്തോടും കൂടെ ഈശോ നോക്കിക്കണ്ടു. ദൈവരാജ്യത്തിന്റെ ആവശ്യങ്ങൾ പ്രഘോഷിച്ചുകൊണ്ട് ക്ഷമയോടും കാരുണ്യത്തോടും കൂടി അവരോടൊപ്പം നടന്നു.

13. സൃഷ്ടിയുടെ ക്രമം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അതിന്റെ ക്രിസ്ത്വാഭിമുഖ്യത്താലാണ്. അതുകൊണ്ട് ഉടമ്പടിയുടെ കൃപയെ ദൈവം മനുഷ്യവംശത്തിനു നല്കുന്ന വിവിധതലങ്ങളെ തമ്മിൽ വേർതിരിക്കാതെയുള്ള ഒരു വിവേചനമുണ്ടാകണം. രക്ഷയുടെ നിമിഷത്തിലേക്ക് തുടർച്ചയായുള്ള ഘട്ടങ്ങളിലൂടെ സൃഷ്ടി ക്രമം വികസിക്കുന്നു, ദൈവികപ്രബോധനശാസ്ത്രം മൂലം. അതുകൊണ്ട് വിവാഹകൂദാശയുടെ നവീനത അതിന്റെ തുടർച്ചയിൽ നാം മനസ്സിലാക്കണം. വിവാഹം ആരംഭത്തിൽ സ്വാഭാവികമായിരുന്നു. സൃഷ്ടിയിലും ക്രൈസ്തവജീവിതത്തിലും ദൈവത്തിന്റെ രക്ഷാകരകർമ്മത്തിന്റെ തുടർച്ചയിൽ അതിനെ മനസ്സിലാക്കണം. സൃഷ്ടിയിൽ എല്ലാ വസ്തുക്കളും ക്രിസ്തുവിലൂടെയും ക്രിസ്തുവിനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടു (cf കൊളോ 1:16) അതുകൊണ്ട് ക്രൈസ്തവർ "തങ്ങളുടെ സഹജീവികളിൽ നിഗൂഢമായിരിക്കുന്ന ദിവ്യവചനത്തിന്റെ വിത്തുകളെ സന്തോഷത്തോടും ബഹുമാനത്തോടും കൂടി തുറന്നിടുന്നു. ജനതകളുടെയിടയിൽ സംഭവിക്കുന്ന അഗാധമായ പരിവർത്തനങ്ങളെ അവൻ ശ്രദ്ധാപൂർവം പിന്തുടരണം" (ആദ് ജെന്തെസ്, 11). ക്രൈസ്തവജീവിതത്തിൽ മാമ്മോദീസ സ്വീകരണം വിശ്വാസിയെ ഗൃഹസഭയിലൂടെ അതായത് കുടുബത്തിലൂടെ സഭയിലേക്കു കൊണ്ടുവരുന്നു. അങ്ങനെ "ഒരു സ്വയം ചാലകപ്രക്രിയ തുടങ്ങുന്നു. അതു വികസിക്കുന്നു. ദൈവത്തിന്റെ ദാനങ്ങളുമായി വർധമാനമായ തോതിൽ ഉദ്ഗ്രഥനം നടത്തിക്കൊണ്ട് ക്രമേണ മുന്നേറുന്നു" (ഫമിലിയാരിസ് കൊൺസോർസിയോ, 9) നമ്മെ പാപത്തിൽനിന്നു രക്ഷിക്കുകയും ജീവന്റെ പൂർണത നമുക്കു നല്കുകയും ചെയ്യുന്ന സ്നേഹത്തിലേക്കുള്ള തുടർമാനസാന്തരത്തിൽ അതു സംഭവിക്കുന്നു.

14. യേശു തന്നെ, സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം അലംഘ്യമാണെന്ന്, മാനുഷിക ദമ്പതികളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഉറപ്പിച്ചു പറയുകയുണ്ടായി. ഫരിസേയരോട് ഇങ്ങനെ പറയുകയും ചെയ്തു: "നിങ്ങളുടെ ഹൃദയകാഠിന്യം മൂലമാണ് ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്ക് അനുവാദം തന്നത്. ആദിമുതലേ അങ്ങനെയായിരുന്നില്ല" (മത്താ 19:8). വിവാഹത്തിന്റെ അഭേദ്യത (ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ (മത്താ 19:6) വ്യക്തികളുടെ മേൽ അടിച്ചേല്പിച്ച ഒരു "നുക"മായി മനസ്സിലാക്കരുത്. വിവാഹത്തിൽ ഐക്യപ്പെട്ട ഭാര്യാഭർത്താക്കന്മാർക്ക് നല്കിയ ഒരു "ദാനം" ആയിട്ട് അതിനെ കരുതണം. ഇങ്ങനെ ഭൂമിയിലേക്കുള്ള ദൈവത്തിന്റെ വരവിന്റെ എളിയപ്രവൃത്തി എപ്പോഴും മാനുഷിക യാത്രയോടു ചേർന്നിരിക്കണമെന്നു യേശു കാണിച്ചു. തന്റെ കൃപകൊണ്ട് കഠിനഹൃദയത്തെ എങ്ങനെ സുഖപ്പെടുത്തുകയും പരിവർത്തനവിധേയമാക്കുകയും ചെയ്യാമെന്നും കുരിശിന്റെ വഴിയിലൂടെ കൃപയുടെ ഫലത്തിലേക്കു നയിക്കാമെന്നും കാണിച്ചു.

യേശു കാണിച്ച മാതൃക സഭയെ സംബന്ധിച്ചിടത്തോളം വിശിഷ്ട മാതൃകയാണെന്ന് സുവിശേഷങ്ങൾ

വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ യേശു ഒരു കുടുംബത്തിലാണു ജനിച്ചത്. കാനായിലെ കല്യാണത്തിൽ വച്ച് അടയാളങ്ങൾ കാണിച്ചുതുടങ്ങി. വിവാഹത്തിന്റെ അർത്ഥം പ്രഘോഷിച്ചു. ആദിമ ദൈവികപദ്ധതിയെ പുനഃസ്ഥാപിക്കുന്ന വെളിപാടിന്റെ പൂർണതയായി ഉദ്ഘോഷിച്ചു (മത്താ 19:3). എന്നാൽ അതേ സമയം, താൻ പഠിപ്പിച്ചത് അവിടന്നു പ്രയോഗത്തിലാക്കുകയും കാരുണ്യത്തിന്റെ യഥാർത്ഥ അർത്ഥം വെളിവാക്കുകയും ചെയ്തു. സമരിയാക്കാരിയെയും (യോഹ 4:1-30) വേശ്യയെയും (യോഹ 8:1-11) അവിടന്ന് കണ്ടുമുട്ടുമ്പോൾ അതു വ്യക്തമാക്കുന്നു. യേശു പാപിയെ സ്നേഹത്തോടെ വീക്ഷിച്ചുകൊണ്ട് അയാളെ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നു. അതാണ് ക്ഷമയുടെ അടിസ്ഥാനം ("പോകുക മേലിൽ പാപം ചെയ്യരുത്".)

**കുടുംബം ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ**

15. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞ നിത്യജീവന്റെ വചസ്സുകൾ വിവാഹത്തെയും കുടംബത്തെയും സംബന്ധിച്ച പ്രബോധനം ഉൾക്കൊള്ളുന്നുണ്ട്. വിവാഹത്തെയും കുടംബത്തെയും സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയിൽ മൂന്നു മൗലികഘട്ടങ്ങൾ വേർതിരിച്ചറിയാൻ യേശുവിന്റെ പ്രബോധനം അനുവദിക്കുന്നുണ്ട്. ആരംഭത്തിൽ കുടുംബത്തിന്റെ ദൃഢമായ അടിസ്ഥാനമെന്ന നിലയിൽ ആദവും ഹവ്വയും തമ്മിലുള്ള വിവാഹം സ്രഷ്ടാവു സ്ഥാപിച്ചപ്പോൾ ആദിമ കുടുംബമുണ്ടായി. ദൈവം മനുഷ്യരെ ആണും പെണ്ണുമായി സ്രഷ്ടിക്കുക മാത്രമല്ല ചെയ്തത് (ഉത്പ 1:27) അവർ ഫലപുഷ്ടിയുള്ളവരായി വർധിക്കുന്നതിന് അവരെ അനുഗ്രഹിക്കുകയും ചെയ്തു (ഉത്പ 1:28). ഇക്കാരണത്താൽ "പുരുഷൻ മാതാപിതാക്കന്മാരെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും" (ഉത്പ 2:24). ഈ ഐക്യം പാപം മൂലം മലിനപ്പെട്ടു. അത് ദൈവജനത്തിൽ വിവാഹത്തിന്റെ ചരിത്രപരമായ രൂപം സ്വീകരിച്ചു. മോശ അതിന് വിവാഹമോചനത്തിന്റെ ചീട്ടുകൊടുക്കാനുള്ള സാധ്യത അനുവദിക്കുകയും ചെയ്തു (cf നിയമാ 24:1 ff ). ഇതായിരുന്നു യേശുവിന്റെ കാലത്തുള്ള പ്രധാന സമ്പ്രദായം. ക്രിസ്തുവിന്റെ വരവോടെ മോശ തുടങ്ങിയ ഘട്ടം അവസാനിക്കുകയും പുതിയ ഘട്ടം തുടങ്ങുകയും ചെയ്തു. അവിടത്തെ ആഗമനവും അധഃപതിച്ച ലോകത്തെ രക്ഷാകർമ്മത്തിലൂടെ അവിടന്നു അനുരഞ്ജിപ്പിച്ചുവെന്ന വസ്തുതയും മോശ ആരംഭിച്ച ഘട്ടത്തിനു വിരാമമിട്ടു.

16. സകലതും തന്നിൽ അനുരഞ്ജിപ്പിച്ച യേശു വിവാഹത്തെയും കുടുംബത്തെയും അവയുടെ ആദിമ രൂപത്തിൽ പുനഃസ്ഥാപിച്ചു. (മർക്കോ 10:1-12). വിവാഹവും കുടുംബവും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടു (എഫേ 5:21-32), പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തിൽ നിന്നാണ് യഥാർത്ഥമായ എല്ലാ സ്നേഹവും പ്രവഹിക്കുന്നത്. സൃഷ്ടികർമത്തിൽ ഉദ്ഭവിച്ചതും രക്ഷാചരിത്രത്തിൽ വെളിവാക്കപ്പെട്ടതുമായ ദാമ്പത്യസ്നേഹം അതിന്റെ പൂർണമായ അർത്ഥം സ്വീകരിക്കുന്നത് ക്രിസ്തുവിലും സഭയിലുമാണ്. ദൈവസ്നേഹത്തിനു സാക്ഷ്യം വഹിക്കാനും കൂട്ടായ്മയുടെ ജീവിതം നയിക്കാനും അത്യാവശ്യമായിരിക്കുന്ന പ്രസാദവരം വിവാഹത്തിനും കുടുംബത്തിനും ക്രിസ്തു തന്റെ സഭയിലൂടെ നല്കുന്നു. കുടുംബത്തിന്റെ സുവിശേഷം അതായത്, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചുവെന്നത് കാലാവസാനത്തിലെത്തുന്നതുവരെയുള്ള ലോകചരിത്രത്തോളം നീണ്ടുനില്ക്കുന്നു (cf ഉത്പ 1:26-27). കാലാവസാനത്തിൽ ആട്ടിൻകുട്ടിയുടെ വിവാഹസംബന്ധമായ ക്രിസ്തുവിന്റെ ഉടമ്പടിയുടെ രഹസ്യത്തിൽ (cf വെളി 19:9), അതു പൂർണതയിലെത്തുന്നു. (cf ജോൺ പോൾ II, മനുഷികസ്നേഹത്തെക്കുറിച്ചുള്ള വേദോപദേശം).

**കുടുംബം സഭയുടെ പ്രമാണരേഖകളിൽ**

17. “വിവാഹത്തെയും കുടുംബത്തെയും കുറിച്ച് സഭ നൂറ്റാണ്ടുകളിലൂടെ സ്ഥിരമായി പഠിപ്പിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഗാവുദിയും ഏത്ത് സ്പെസ് എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷ നിൽ ആ പ്രബോധനത്തിന്റെ ഏറ്റവും ഉന്നതമായ പ്രകശനം കാണാം (cf GS 47-52). വിവാഹത്തെ ജീവ ന്റെയും സ്നേഹത്തിന്റെയും സംസർഗമെന്ന് ഈ രേഖ നിർവചിച്ചു (cf GS 48). കുടുംബത്തിന്റെ കേന്ദ്രത്തിൽ സ്നേഹത്തെ സ്ഥാപിച്ചു. ഇന്നത്തെ സംസ്കാരത്തിൽ കാണുന്ന ലഘൂകരണവാദത്തിന്റെ ( reductionism) വിവിധരൂപങ്ങളിൽ നിന്നുള്ള വ്യത്യസ്തത വ്യക്തമാക്കിക്കൊണ്ട് അങ്ങനെ ചെയ്തു. ഭാര്യയും ഭർത്താവും തമ്മിലുള്ള യഥാർത്ഥ സ്നേഹത്തിൽ (GS 49) ദൈവിക പദ്ധതിയനുസരിച്ച് പര സ്പരമുള്ള ആത്മദാനം ഉൾക്കൊള്ളുന്നു. ലൈംഗികവും വൈകാരികവുമായ ആ സ്നേഹത്തിൽ ഉൾക്കൊള്ളുകയും ഉദ്ഗ്രഥിക്കപ്പെടുകയും ചെയ്യുന്നു.

കൂടാതെ ദമ്പതികളെ ക്രിസ്തുവിൽ ഉറപ്പിക്കുകയെന്ന ആവശ്യം ഗാവുദിയും ഏത്ത് സ്പെസ് എന്ന പ്രമാണരേഖയിലെ 48-ാം ഖണ്ഡികയിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ‘വിവാഹിതരായ ക്രൈസ്തവരുടെ ജീവി തത്തിലേക്ക് വിവാഹമെന്ന കൂദാശയിലൂടെ യേശുക്രിസ്തു കടന്നുവരുന്നു; അവരോടൊപ്പം നിവസി ക്കുകയും ചെയ്യുന്നു. അവിടന്ന് മനുഷ്യാവതാരത്തിൽ മനുഷ്യസ്നേഹം സ്വീകരിക്കുകയും അതിനെ വിശുദ്ധീകരിക്കുകയും പൂർണതയിലെത്തിക്കുകയും ചെയ്യുന്നു. മണവാളനെയും മണവാട്ടിയെയും സ്നേഹത്തിൽ ജീവിക്കാനും വിശ്വാസത്തിന്റേതും പ്രത്യാശയുടേതും സ്നേഹത്തിന്റേതുമായ അവ രുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലേക്കും ആ സ്നേഹം നിവേശിപ്പിക്കാനും അവിടന്ന് അവരെ തന്റെ പരിശുദ്ധാത്മാവിലൂടെ സുശക്തരാക്കുന്നു. ഇപ്രകാരം മണവാളനും മണവാട്ടിയും അഭിഷിക്ത രാണെന്നു പറയാം. അവിടത്തെ കൃപവഴിയാണ് അതു സാധിക്കുന്നത്. അവർ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്നു, ഒരു ഗാർഹികസഭയായിത്തീരുകയും ചെയ്യുന്നു (cf LG 11). അങ്ങനെ സഭ തന്റെ രഹസ്യം പൂർണമായി മനസ്സിലാക്കാൻവേണ്ടി തന്നെ യഥാർത്ഥത്തിൽ വെളിപ്പെടുത്തുന്ന ക്രൈസ്തവ കുടുംബത്തിലേക്കു നോക്കുന്നു” (പ്രവർത്തനരേഖ 4).

18. “രണ്ടാം വത്തിക്കാൻ സൂനഹദോസിനെത്തുടർന്ന് വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച സിദ്ധാന്തം സഭയുടെ പ്രബോധനാധികാരം വീണ്ടും പരിഷ്കരിച്ചു. പോൾ 6-ാമൻ മാർപാപ്പാ ‘മനുഷ്യ ജീവൻ’ (Humae Vitae) എന്ന ചാക്രികലേഖനത്തിൽ ദാമ്പത്യസ്നേഹവും ജീവന്റെ ഉത്പാദനവും തമ്മി ലുള്ള ഉറ്റബന്ധം വ്യക്തമാക്കി. മാനുഷികസ്നേഹത്തെക്കുറിച്ചുള്ള മതബോധനം, കടുംബങ്ങൾക്ക് ഒരെഴുത്ത് (Gratissimum Sane) എന്നിവയിലും പ്രത്യേകമായി ഫമിലിയാരിസ് കൊൺസോർസ്യോ എന്ന അപ്പസ്തോലികാഹ്വാനത്തിലും കൂടെ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ കുടുംബതതിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി. ആ രേഖകളിൽ അദ്ദേഹം കുടുംബത്തെ ‘സഭയുടെ മാർഗം’ എന്നു വിളിച്ചു. സ്നേഹിക്കാൻ സ്ത്രീക്കും പുരുഷനുമുള്ള ദൈവവിളിയെപ്പറ്റി വിവരിച്ചു. കുടുംബ ത്തെക്കുറിച്ചുള്ള അജപാലനശുശ്രൂഷയ്ക്കും സമൂഹത്തിൽ കുടുംബത്തിനുള്ള സാന്നിധ്യത്തിനും വേണ്ട മൗലിക നിർദേശങ്ങൾ നല്കുകയും ചെയ്തു. ദാമ്പത്യസ്നേഹത്തെക്കുറിച്ച് അദ്ദേഹം സവിശേഷമായി പ്രതിപാദിച്ചു (cf f.c. 13). ദമ്പതികൾ പരസ്പരസ്നേഹം വഴി ക്രിസ്തുവിന്റെ പരിശുദ്ധാത്മദാനത്തെ എങ്ങനെ സ്വീകരിക്കുന്നുവെന്നും വിശുദ്ധിയിലേക്കുള്ള വിളി എങ്ങനെ ജീവിക്കുന്നുവെന്നും അദ്ദേഹം അവിടെ വ്യക്തമാക്കി (പ്രവർത്തനരേഖ, 5)

19. “ബെനഡിക്ട് 16-ാമൻ മാർപാപ്പാ ‘ദൈവം സ്നേഹമാകുന്നു’ (Deus Caritas Est) എന്ന ചാക്രിക ലേഖനത്തിൽ സ്ത്രിയുംപുരുഷനും തമ്മിലുള്ള സ്നേഹത്തിന്റെ തത്ത്വമെന്ന വിഷയം വീണ്ടും ചർച്ച ചെയ്തു. ആ സ്നേഹം പൂർണമായി മനസ്സിലാകുന്നത് ക്രൂശിതനായ ക്രിസ്തുവിനുള്ള സ്നേഹ ത്തിന്റെ വെളിച്ചത്തിലാണെന്ന് അദ്ദേഹം വ്യക്തമാക്കി (cf. DCE 2). ‘പരവർജ്ജനീയവും സുനിശ്ചിതവു മായ സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള വിവാഹം ദൈവവും തന്റെ ജനവും തമ്മിലും ദൈവജ

നവും ദൈവവും തമ്മിലുമുള്ള ബന്ധത്തിന്റെ ഐക്കൺ ആയിത്തീരുന്നു. സ്നേഹിക്കുന്നതിൽ ദൈവത്തിനുള്ള മാർഗം മാനുഷിക സ്നേഹത്തിന്റെ അളവുകോലായിത്തീരുന്നു' (DCE II) എന്നിങ്ങനെ അദ്ദേഹം ഊന്നിപ്പറഞ്ഞു. കൂടാതെ, 'സത്യത്തിൽ സ്നേഹം' (Caritas in Veritate) എന്ന അദ്ദേഹത്തിന്റെ ചാക്രിക ലേഖനം സമൂഹജീവിതത്തിന്റെ തത്ത്വമെന്ന നിലയിലുള്ള സ്നേഹത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു (cf CV 44). സമൂഹത്തിലാണ് വ്യക്തി പൊതുനന്മ അനുഭവിക്കാൻ പഠിക്കുന്നത് (പ്രവർത്തനരേഖ, 6)

20. ഫ്രാൻസിസ് മാർപാപ്പാ 'ലൂമെൻ ഫീദേയി' ( Lumen Fidei, വിശ്വാസത്തിന്റെ വെളിച്ചം) എന്ന ചാക്രികലേഖനത്തിൽ കുടുംബവും വിശ്വാസവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് പ്രതിപാദിക്കുമ്പോൾ ഇങ്ങനെ എഴുതുന്നു: 'ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ വഴിയും അവിടത്തെ സ്നേഹത്താൽ ഗ്രസിക്കപ്പെടാനും നയിക്കപ്പെടാനുമുള്ള അനുവദിക്കൽ വഴിയും (യുവജനം) അസ്തിത്വത്തിന്റെ ചക്രവാളങ്ങൾ വിപുലീകരിക്കുന്നു. നിരാശപ്പെടുത്താത്ത സ്ഥിരപ്രതീക്ഷ അസ്തിത്വത്തിനു നല്കുകയും ചെയ്യുന്നു. വിശ്വാസം ഭീരുക്കൾക്കുള്ള അഭയകേന്ദ്രമല്ല. മറിച്ച്, ജീവിതം ധീരതയോടെ പുറത്തേക്കു കൊണ്ടുവന്ന് വിശാലമാക്കുന്നവർക്കുള്ളതാണ്. ഈ സ്നേഹം വിശ്വാസയോഗ്യമാണെന്നും അതിനായി സ്വയം സമർപ്പിക്കാൻ യോഗ്യമാണെന്നും അത് നമുക്ക് ഉറപ്പുനല്കുന്നു.എന്തെന്നാൽ, അതിന്റെ അടിത്തറ ദൈവത്തിന്റെ വിശ്വസ്തതയിലാണു കാണപ്പെടുന്നത്. ആ വിശ്വസ്തതയാകട്ടെ നമ്മുടെ സകല ദൗർബല്യങ്ങളെക്കാളും ശക്തമാണ് (LF 53), (പ്രവർത്തനരേഖ, 7).

**വിവാഹത്തിന്റെ അഭേദ്യതയും ഒന്നിച്ച് ജീവിതം പങ്കുവയ്ക്കുന്നതിലുള്ള സന്തോഷവും**

21. വിവാഹമെന്ന കൂദാശയിലുള്ള പരസ്പരദാനം മാമ്മോദീസയുടെ കൃപാവരത്തിൽ അധിഷ്ഠിതമാണ്. മാമ്മോദീസ അതു സ്വീകരിക്കുന്ന സകലരിലും ക്രിസ്തുവും സഭയും തമ്മിലുള്ള അടിസ്ഥാനപരമായ ഒരു ഉടമ്പടി സ്ഥാപിക്കുന്നു. വിവാഹത്തിലേർപ്പെടുന്ന ദമ്പതികൾ പരസ്പരം സ്വീകരിച്ചുകൊണ്ട്, ക്രിസ്തുവിന്റെ കൃപാവരത്താൽ സമ്പൂർണമായ ആത്മദാനവും വിശ്വസ്തതയും പുതിയ ജീവനെ സംബന്ധിച്ച തുറവും വാഗ്ദാനം ചെയ്യുന്നു. വിവാഹിതരായ ദമ്പതികൾ ഈ ഘടകങ്ങളെ വിവാഹത്തിന്റെ മൗലികഘടകങ്ങളായി കരുതുന്നു. ദൈവം നല്കിയ ദാനങ്ങളായി കരുതുന്നു. പരസ്പരസമർപ്പണത്തിൽ അവർ അവയെ ഗൗരവപൂർവം പരിഗണിക്കുന്നു. ദൈവനാമത്തിലും സഭയുടെ മുമ്പിലുമാണ് അങ്ങനെ ചെയ്യുന്നത്. വിവാഹത്തിന്റെ ഉപകാരങ്ങളെ സമർപ്പണങ്ങളായി സ്വീകരിക്കാനുള്ള സാധ്യതയെ വിശ്വാസം എളുപ്പമുള്ളതാക്കുന്നു. ആ സമർപ്പണങ്ങൾ കൂദാശയിലെ കൃപാവരത്തിന്റെ സഹായത്തിലൂടെ നിലനിറുത്താൻ സാധിക്കും. ദൈവം ഭാര്യാഭർത്താക്കന്മാരുടെ സ്നേഹത്തെ പവിത്രീകരിക്കുന്നു. അവരുടെ സ്നേഹത്തിന്റെ അഭേദ്യതയെന്ന സ്വഭാവത്തെ സ്ഥിരീകരിക്കുന്നു. അവരുടെ വിശ്വസ്തതയും പരസ്പരപൂരകത്വവും പുതിയജീവനോടുള്ള തുറവും ജീവിക്കാൻ സഹായിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു. അതുകൊണ്ട് സഭ മുഴുവൻ കുടുംബത്തിന്റെയും ഹൃദയമായി വിവാഹിതരായ ദമ്പതികളിലേക്കു നോക്കുന്നു. ആ കുടുംബമാകട്ടെ യേശുവിലേക്കും നോക്കുന്നു. സഭ വ്യത്യസ്ത ജനതകളുടെയും സംസ്കാരങ്ങളുടെയും പൊതുജ്ഞാനത്തെ പരിഗണിച്ചുകൊണ്ട് ഇത്തരം കുടുംബത്തെയും അംഗീകരിക്കുന്നു. മനുഷ്യവംശത്തിന്റെ ഒന്നുചേർന്നുള്ള ജീവിതത്തിന് അടിസ്ഥാനപരവും അവശ്യാവശ്യകവും ഫലപൂർണവുമായ കുടുംബമെന്ന നിലയിൽ അംഗീകരിക്കുന്നു.

**കുടുംബത്തിന്റെ സത്യവും സൗന്ദര്യവും തകർന്നവയും തകരാവുന്നവയുമായ കുടുംബങ്ങളോടുള്ള കാരുണ്യവും**

23. സുവിശേഷത്തിലെ പ്രബോധനങ്ങളോടുള്ള വിശ്വസ്തതയിൽ നിലനില്ക്കുന്ന കുടുംബങ്ങളെ സഭ

ആന്തരികസന്തോഷത്തോടും അഗാധമായ ആശ്വാസത്തോടും കൂടി വീക്ഷിക്കുന്നു. അവരെ സഭ പ്രോത്സാഹിപ്പിക്കുന്നു. അവർ നല്കുന്ന സാക്ഷ്യത്തിന് അവരോടു നന്ദിപറയുന്നു. അവർ യഥാർത്ഥത്തിൽ, പരസ്പര വിശ്വസ്തതയിൽ ജീവിച്ചുകൊണ്ട് അഭേദ്യമായ വിവാഹത്തിന്റെ സൗന്ദര്യത്തിനു വിശ്വസനീയമായ രീതിയിൽ സാക്ഷ്യം നല്കുന്നു. "ഗൃഹസഭ" (ലൂമെൻ ജെൻസിയും, 11) എന്നു വിളിക്കപ്പെടാവുന്ന കുടുംബത്തിൽ ഒരു വ്യക്തിക്ക് വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മയുടെ സഭാസംബന്ധമായ അനുഭവം ഉണ്ടാകാൻ തുടങ്ങുന്നു. അത് ദൈവകൃപയിലൂടെ, പരിശുദ്ധ ത്രിത്വമെന്ന രഹസ്യത്തെ പ്രതിഫലിപ്പിക്കുന്നു. "കുടുംബത്തിൽ വ്യക്തികൾ സഹനശക്തിയും ജോലിയിലുള്ള ആഹ്ലാദവും സഹോദരസ്നേഹവും ഉദാരവും ആവർത്തിച്ചുപോലുമുള്ള മാപ്പുനല്കലും സർവോപരി, പ്രാർത്ഥനയിലൂടെയും ജീവിതസമർപ്പണത്തിലൂടെയുമുള്ള ദൈവാരാധനയും പരിശീലിക്കുന്നു (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 1657). നസ്രസിലെ തിരുക്കുടുംബം വിസ്മയനീയമായ ഒരു മാതൃകയാണ്. സുവിശേഷത്തിന്റെ പ്രബോധനങ്ങൾ അനുസരിക്കാനും ക്രിസ്തുവിന്റെ ശിഷ്യരാകാനും നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ടാണ് ആധ്യാത്മികശിക്ഷണം നിലനിറുത്തേണ്ടിയിരിക്കുന്നതെന്ന് അതിന്റെ വിദ്യാലയത്തിൽ നാം മനസ്സിലാക്കുന്നു (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ മാർപാപ്പാ, നസ്രസിലെ പ്രഭാഷണം, 5 ജനുവരി 1964). കുടുംബത്തിന്റെ സുവിശേഷം വളരാൻ കാത്തിരിക്കുന്ന വിത്തുകളെ പോഷിപ്പിക്കുന്നുമുണ്ട്. ഇലപൊഴിയുകയും ചികിത്സ ആവശ്യമായിരിക്കുകയും ചെയ്യുന്ന വൃക്ഷങ്ങളെ ശുശ്രൂഷിക്കാനുള്ള അടിസ്ഥാനമായി സേവനം ചെയ്യുന്നുമുണ്ട്.

24. തീർച്ചയുള്ള അധ്യാപികയും ശുശ്രൂഷിക്കുന്ന അമ്മയുമായ സഭ, മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹം മാത്രമാണ് കൗദാശികമെന്നും അതിന് എതിരായ ഏതു ലംഘനവും ദൈവത്തിന്റെ ഇഷ്ടത്തിനു വിരുദ്ധമാണെന്നും തിരിച്ചറിയുന്നു. അതേസമയം വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ അനേകം മക്കളുടെ ദൗർബല്യത്തെക്കുറിച്ച് അവൾക്ക് അറിയാം. "തന്മൂലം സുവിശേഷപരമായ ആദർശത്തിൽ നിന്നു പിന്മാറാതെ തന്നെ കരുണയോടും ക്ഷമയോടും കൂടി വ്യക്തിപരമായ വളർച്ചയുടെ ഘട്ടങ്ങളെ - അത് ക്രമാനുഗതമായി സംഭവിക്കുമ്പോൾ - അവർ അനുഗമിക്കണം... ക്രമപൂർണമെന്ന് ബാഹ്യമായി തോന്നുകയും എന്നാൽ വലിയ പ്രയാസങ്ങൾ നേരിടാതെ ദിവസവും കടന്നുപോകുകയും ചെയ്യുന്ന ജീവിതത്തെക്കാൾ ദൈവത്തിനു കൂടുതൽ പ്രീതികരമാകും വലിയ മാനുഷിക പരിമിതികൾക്കിടയിലുള്ള ചെറിയൊരു കാല്വയ്പ്. ദൈവത്തിനുള്ള രക്ഷാകരരഹസ്യത്തിന്റെ ആശ്വാസവും ആകർഷണവും ഓരോ വ്യക്തിയെയും സ്പർശിക്കണം. ആ സ്നേഹം ഓരോ വ്യക്തിയിലും, അവന്റെ അഥവാ അവളുടെ കുറ്റങ്ങൾക്കും പരാജയങ്ങൾക്കും അതീതമായി, രഹസ്യത്തിൽ പ്രവർത്തിക്കുന്നുണ്ട്" (സുവിശേഷത്തിന്റെ സന്തോഷം 44).

25. സിവിൾ വിവാഹം നടത്തുകയോ വിവാഹം തകർത്ത് വീണ്ടും വിവാഹം നടത്തുകയോ വെറുതേ ഒന്നിച്ചു താമസിക്കുകയോ ചെയ്യുന്നവരോടുള്ള അജപാലനസമീപനം പരിഗണിക്കുമ്പോൾ സഭയ്ക്ക് ഒരു ഉത്തരവാദിത്വമുണ്ട്. അവരുടെ ജീവിതത്തിലുള്ള ദൈവകൃപയുടെ ദൈവികാധ്യാപനശാസ്ത്രം ഗ്രഹിക്കാൻ അവരെ സഹായിക്കുന്നതിനും ദൈവത്തിനു അവരെപ്പറ്റിയുള്ള പദ്ധതിയുടെ പൂർണതയിൽ അവർ എത്തിച്ചേരാൻ അവരെ സഹായിക്കുന്നതിനുമുള്ള ഉത്തരവാദിത്വമാണത്. ഓരോ വ്യക്തിയെയും പ്രകാശിപ്പിക്കുന്ന (cf യോഹ 1:9, ഗാവുദിയും ഏത്ത് സ്പെസ്, 22) ക്രിസ്തുവിലേക്കു നോക്കിക്കൊണ്ട് സഭ സ്നേഹത്തോടെ അവരിലേക്കു തിരിയുന്നു. തന്റെ ജീവിതത്തിൽ അപൂർണമായ വിധത്തിൽ പങ്കുചേരുന്ന അവരിലേക്കു നോക്കുന്നു. അവരുടെ ജീവിതത്തിലും ദൈവകൃപ പ്രവർത്തിക്കുന്നുണ്ടെന്നു മനസ്സിലാക്കിക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. നന്മചെയ്യാനും സ്നേഹത്തോടെ പരസ്പരം ശുശ്രൂഷിക്കാനും തങ്ങൾ ജീവിക്കുകയും അധ്വാനിക്കുകയും ചെയ്യുന്ന സമൂഹത്തെ സഹായിക്കാനും ആവശ്യമായ ധീരത അവർക്ക് നല്കിക്കൊണ്ടാണ് ദൈവകൃപ അവരിൽ പ്രവർത്തിക്കുന്നത്.

26. വിവാഹത്തിലുള്ള സമർപ്പണത്തിൽ വിശ്വാസമില്ലാത്ത അനേകം യുവജനങ്ങളെ സഭ ഉത്കണ്ഠയോടെ കാണുന്നു. അവർ ഏറ്റെടുത്ത ഒരു കടമയ്ക്കു വിരാമമിടാനും മറ്റൊന്നു സ്വീകരിക്കാനും അവർ കാണിക്കുന്ന ധൃതിയിൽ ദുഃഖിക്കുകയും ചെയ്യുന്നു. സഭയുടെ അംഗങ്ങളായിട്ടുള്ള ഈ അല്മായർ കരുണാപൂർണവും പ്രോത്സാഹനപരവുമായ അജപാലനശ്രദ്ധ അർഹിക്കുന്നു. അവർ തങ്ങളുടെ സാഹചര്യം പര്യാപ്തമാംവിധം നിശ്ചയിക്കാനാണത്. മാമ്മോദീസ സ്വീകരിച്ച യുവജനങ്ങൾ വിവാഹമെന്ന കൂദാശ സ്നേഹസംബന്ധമായ തങ്ങളുടെ പ്രതീക്ഷകളെ സമ്പന്നമാക്കുമെന്നു മനസ്സിലാക്കാനും കൂദാശയിലുള്ള ക്രിസ്തുവിന്റെ കൃപാവരത്താലും സഭാജീവിതത്തിലുള്ള തങ്ങളുടെ പൂർണമായ പങ്കാളിത്തത്താലും അവർ താങ്ങി നിറുത്തപ്പെടുമെന്നു ഗ്രഹിക്കാനും വേണ്ടി യുവജനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം.

27. ഈ വിഷയത്തിൽ കുടുംബശുശ്രൂഷയുടെ പുതിയൊരു വശത്തെപ്പറ്റി ഇന്നു ശ്രദ്ധിക്കേണ്ടതുണ്ട്. സ്ത്രീയും പുരുഷനും തമ്മിലുള്ള സിവിൾ വിവാഹങ്ങൾ, പാരമ്പര്യാധിഷ്ഠിത വിവാഹങ്ങൾ എന്നീ യാഥാർത്ഥ്യങ്ങളുടെ വ്യത്യാസങ്ങൾ പരിഗണിക്കണം. കൂടിത്താമസവും പരിഗണിക്കണം. സ്ത്രീപുരുഷഐക്യം സ്ഥിരതയിലെത്തുമ്പോൾ നിയമപരമായി അംഗീകരിക്കപ്പെടുകയും കുട്ടികളെ സംബന്ധിച്ച് അഗാധമായ വാത്സല്യവും ഉത്തരവാദിത്വവും ഉണ്ടായിരിക്കുകയും പരീക്ഷകളെ അതിജീവിക്കാനുള്ള കഴിവു കാണിക്കുകയും ചെയ്യുമ്പോൾ അവ മാർഗനിർദ്ദേശത്തിനുള്ള അവസരം നല്കുന്നു. ക്രമേണ വിവാഹമെന്ന കൂദാശ ആഘോഷിക്കുകയെന്ന ലക്ഷ്യത്തോടു കൂടി വേണം അവസരങ്ങൾ ഉപയോഗിക്കാൻ. മിക്കപ്പോഴും ഭാവിയിൽ വിവാഹം ചെയ്യാൻ സാധ്യതയില്ലാതെ, നിയമപരമായ ബന്ധത്തിൽ പ്രവേശിക്കുകയെന്ന ഉദ്ദേശ്യമില്ലാതെ, ദമ്പതികൾ ഒന്നിച്ചു ജീവിക്കുകയാണ്.

28. സഭ തന്റെ ദുർബലരായ മക്കളോടൊപ്പം, ക്രിസ്തുവിന്റെ കാരുണ്യത്തോടെ ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി, സഞ്ചരിക്കണം. വ്രണപ്പെട്ടതോ നഷ്ടപ്പെട്ടതോ ആയ സ്നേഹത്തിന്റെ അടയാളങ്ങൾ കാണിക്കുന്നവരോടൊപ്പം സഞ്ചരിക്കണം. അവരിൽ പ്രത്യാശയും ആത്മധൈര്യവും പുനഃസ്ഥാപിച്ചുകൊണ്ട് അങ്ങനെ ചെയ്യണം. തുറമുഖത്തെ ലൈറ്റ്ഹൗസിന്റെ ദീപംപോലെ, അല്ലെങ്കിൽ വഴി നഷ്ടപ്പെട്ടവർക്കുവേണ്ടി, അഥവാ കൊടുങ്കാറ്റിൽപ്പെട്ടവർക്കുവേണ്ടി ടോർച്ചുകൊണ്ടു കാണിക്കുന്ന വെളിച്ചംപോലെ അവർക്ക് പ്രത്യാശയും ആത്മധൈര്യവും നല്കണം. സ്നേഹത്തോടെ സത്യം പറയുകയെന്നതാണ് ഏറ്റവും കരുണാപൂർണമായ കാര്യമെന്ന് അറിഞ്ഞിരിക്കണം. അങ്ങനെ നാം സഹതാപത്തെ അതിശയിക്കുന്ന കരുണാപൂർണമായ സ്നേഹം ആകർഷിക്കുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നതുപോലെ പരിവർത്തനം വരുത്തുകയും ഉയർത്തുകയും ചെയ്യും. അത് മാനസാന്തരത്തിനുള്ള ഒരു ക്ഷണമാണ്. കർത്താവിന്റെ മനോഭാവം അങ്ങനെയുള്ളതായിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു. അവിടന്ന് വേശ്യയെ ശപിച്ചില്ല. പകരം മേലിൽ പാപം ചെയ്യരുതെന്ന് അവളോടു പറയുകയാണു ചെയ്തത് (യോഹ 8:1-11).

## ഭാഗം മൂന്ന്
## സാഹചര്യത്തെ നേരിടൽ: അജപാലനപരമായ സമഗ്രവീക്ഷണങ്ങൾ
## കുടുംബസുവിശേഷപ്രഘോഷണം ഇന്ന് - വിവിധ സാഹചര്യങ്ങളിൽ

29. കൂടുതൽ അടിയന്തിരസ്വഭാവമുള്ള അജപാലനപരമായ ആവശ്യങ്ങൾ പത്രോസിനോടുള്ള കൂട്ടായ്മയിലും പത്രോസിന്റെ കീഴിലും പ്രാദേശിക സഭകളിൽ കൈകാര്യം ചെയ്യാനുള്ള സമ്മതം സിനഡിലെ ചർച്ചയുടെ ഫലമായി ഉണ്ടായിട്ടുണ്ട്. കുടുംബത്തിന്റെ സുവിശേഷം പ്രഘോഷിക്കുകയെന്നത്

സുവിശേഷപ്രവർത്തനത്തിൽ അടിയന്തിരമായി ആവശ്യമുള്ള കാര്യമാണ്. ഒരമ്മയുടെ വാത്സല്യത്തോടും അധ്യാപികയുടെ വ്യക്തതയോടും കൂടി (cf എഫേ 4: 15) ക്രിസ്തുവിന്റെ സ്വയം ശൂന്യവത്കരണ ത്തിൽ പ്രദർശപ്പിച്ച കാരുണ്യത്തോടുള്ള വിശ്വസ്തയിൽ സഭ അതു നിർവഹിക്കണം. ദിവ്യസത്യം ദുർബലതയിൽ ശരീരമായി, ശരീരത്തെ ശപിക്കാനല്ല, അതിനെ രക്ഷിക്കാൻ വേണ്ടി (cf ഉത്പ 3:16, 17).

30. ദൈവജനത്തിന്റെയെല്ലാം പങ്കുവയ്ക്കപ്പെടുന്ന ഉത്തരവാദിത്വമാണു സുവിശേഷവത്കരണം. ഓരോ രുത്തരും തന്റെ ശുശ്രൂഷയും കാരിസവും അനുസരിച്ച് അതിൽ പങ്കുചേരണം. വിവാഹിതരായ ദമ്പതി കളുടെയും കുടുംബങ്ങളുടെയും സന്തോഷപൂർണമായ സാക്ഷ്യമില്ലെങ്കിൽ പ്രഘോഷണം തെറ്റിധരി ക്കപ്പെടുകയോ ഇന്നത്തെ സമൂഹത്തിന്റെ പ്രത്യേകതയായി വാചകക്കസർത്തിൽ നഷ്ടപ്പെടുകയോ ചെയ്യുകയെന്ന അപടകത്തിലെത്തും. ശരിയായ രീതിയിൽ പ്രഘോഷണം നടത്തിയാലും അങ്ങനെ സംഭവിക്കും (cf നോവോമില്ലേനിയോ ഇനേവുന്തേ, 50). കത്തോലിക്കാക്കുടുംബങ്ങൾ വിവാഹഗൂദാശ യുടെ കൃപാവരം മൂലം, കുടുംബത്തിനുവേണ്ടിയുള്ള ഓരോ അജപാലനപ്രവർത്തനത്തിലും സജീവ പ്രവർത്തകരായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് സിനഡുപിതാക്കന്മാർ വിവിധസന്ദർഭങ്ങളിൽ ഊന്നിപ്പറഞ്ഞു.

31. കൃപാവരത്തിന്റെ പ്രാഥമ്യവും തത്ഫലമയി പരിശുദ്ധാത്മാവ് കൂദാശയിൽ നല്കുന്ന സാധ്യതകളും ഉയർത്തിക്കാണിക്കപ്പെടണം. കുടുംബത്തിന്റെ സുവിശേഷം ഒരു സന്തോഷമാണെന് അനുഭവിച്ചറി യാൻ ജനങ്ങളെ അനുവദിക്കുന്ന പ്രശ്നമാണിത്. ആ സന്തോഷം "ഹൃദയങ്ങളെയും ജീവിതങ്ങളെയും നിറയ്ക്കുന്നു" "എന്തെന്നാൽ ക്രിസ്തുവിൽ നമ്മൾ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നി വയിൽ നിന്നു സ്വതന്ത്രരാക്കപ്പെടുന്നു" (സുവിശേഷത്തിന്റെ സന്തോഷം, 1). വിതക്കാരന്റെ ഉപമ (cf മത്താ 13:3) മനസ്സിൽ പേറിക്കൊണ്ട് വിതയ്ക്കൽ സഹകരിക്കുകയെന്നതാണ് നമ്മുടെ ദൗത്യം. ബാക്കി കാര്യം ദൈവം ചെയ്തുകൊള്ളും. സഭ വൈരുധ്യത്തിന്റെ ഒരു അടയാളമാണെന്ന കാര്യം, കുടുംബ ത്തെപ്പറ്റി പ്രസംഗിക്കുമ്പോൾ നാം മറക്കാനും പാടില്ല.

32. തത്ഫലമായി സഭയിലുള്ള എല്ലാവരുടെയും പ്രേഷിതപരമായ മാനസാന്തരം ഈ ദൗത്യത്തിന് ആവശ്യമാണ്. അതായത്, കേവലം സിദ്ധാന്തപരമായി കാണപ്പെടുന്ന, ജനങ്ങളുടെ യഥാർത്ഥ പ്രശ്ന ബന്ധ മില്ലാത്ത ഒരു സന്ദേശപ്രഘോഷണംകൊണ്ട് അവസാനിപ്പിക്കരുത്. ഒരു വസ്തുത നാം നിരന്തരം ഓർമ്മിച്ചിരിക്കണം: വിശ്വാസത്തെ സംബന്ധിച്ച വിഷമസ്ഥിതി വിവാഹത്തിലും കുടും ബത്തിലുമുള്ള വിഷമസ്ഥിതിയിലേക്കു നയിക്കുന്നു. അതിന്റെ ഫലമായി മാതാപിതാക്കളിൽ നിന്നു കുട്ടികളിലേക്കുള്ള വിശ്വാസകൈമാറ്റം തന്നെ തടസ്സപ്പെടുന്നുണ്ട്. സുശക്തമായ വിശ്വാസത്തോടെ നാം സാഹചര്യത്തെ നേരിടുവാൻ കുടുംബത്തെ ദുർബലപ്പെടുത്തുന്ന ചില സാംസ്കാരിക വീക്ഷണ ങ്ങളുടെ അടിച്ചേല്പിക്കലിന് പ്രാധാന്യമുണ്ടാവുകയില്ല.

33. മാനസാന്തരം നമ്മൾ ഉപയോഗിക്കുന്ന ഭാഷയിലും കാണപ്പെടണം. അങ്ങനെ അതു കാര്യക്ഷമമാം വിധം അർത്ഥപൂർണമാകണം. പ്രഘോഷണം ഒരനുഭവം സൃഷ്ടിക്കണം. വ്യക്തിയുടെ അത്യഗാധ മായ പ്രതീക്ഷകളോട് അവിടെ കുടുംബത്തിന്റെ സുവിശേഷം പ്രത്യുത്തരിക്കണം. ഓരോ വ്യക്തിയു ടെയും മഹത്വത്തോടും പാരസ്പര്യത്തിലുള്ള സമ്പൂർണപൂർത്തീകരണത്തോടും സംസർഗത്തോടും ഫലപൂർണതയോടും ഉള്ള പ്രത്യുത്തരമായിരിക്കണം അത്. ഇത് കുറേ നിയമങ്ങൾ അവതരിപ്പിക്കുന്ന തിൽ മാത്രം ഒതുങ്ങരുത്. മൂല്യങ്ങളെ സ്വീകരിക്കലായിരിക്കണം. അവ ഇന്നത്തെ മനുഷ്യരുടെ ആവ ശ്യങ്ങളോട് ഏറ്റവും മതനിരപേക്ഷമായ രാജ്യങ്ങളിൽ വസിക്കുന്ന മനുഷ്യരുടെപോലും ആവശ്യങ്ങ ളോട്, പ്രത്യുത്തരിക്കണം.

34. ദൈവവചനം കുടുംബങ്ങൾക്ക് ജീവന്റെയും ആധ്യാത്മികതയുടെയും ഉറവിടമായിരക്കണം. കുടുംബത്തിനുവേണ്ടിയുള്ള എല്ലാ അജപാലനപ്രവർത്തനങ്ങളും ഗൃഹസഭയുടെ അംഗങ്ങളെന്ന നിലയിൽ ആന്തരികമായി രൂപപ്പെടാൻ ജനങ്ങളെ അനുവദിക്കുന്നതായിരക്കണം. സഭ നടത്തുന്ന പ്രാർത്ഥനാപൂർവകമായ വിശുദ്ധ ലിഖിതവായനവഴി അതു സാധിക്കണം. ഒരു വ്യക്തിയുടെ രഹസ്യജീവിതത്തിലുള്ള സദ്വാർത്ത മാത്രമല്ല ദൈവവചനം. വിവാഹിതരായ ദമ്പതികളും കുടുംബങ്ങളും നേരിടുന്ന വിവിധ വെല്ലുവിളികളെ തിരിച്ചറിയുന്നതിൽ വിധിനിർണയത്തിനുള്ള മാനദണ്ഡവും പ്രകാശവുമായിരിക്കണം.

35. അതേസമയം വിവിധ മതാനുഭവസമ്പന്നതയോട്, അവയിലുള്ള പ്രയാസങ്ങളെ അവഗണിക്കാതെ തന്നെ, കൂടുതൽ ഭാവാത്മകമായ സമീപനം ആവശ്യമാണെന്ന് അനേകം സിനഡു പിതാക്കന്മാർ ഊന്നിപ്പറഞ്ഞു. വ്യത്യസ്തങ്ങളായ ഈ മതാത്മക യാഥാർത്ഥ്യങ്ങളിലും രാജ്യങ്ങൾക്കു സ്വാഭാവികമായുള്ള വലിയ സംസ്കാരികവൈവിധ്യങ്ങളിലും ആദ്യമായി ഭാവാതമക സാധ്യതകളെ അംഗീകരിക്കണം. പിന്നീട് അതിന്റെ അടിസ്ഥാനത്തിൽ അവയുടെ പരിമിതികളെയും കുറവുകളെയും പരിഗണിക്കണം.

36. ക്രൈസ്തവവിവാഹം ഒരു വിളിയാണ്. വിശ്വാസയാത്രയിൽ വേണ്ട ശരിയായ പ്രക്രിയയോടെയാണ് അങ്ങനെ ചെയ്യുന്നത്. അത് കേവലം സാംസ്കാരികപാരമ്പര്യമോ സാമൂഹികമോ നൈയാമികമോ ആയ ആവശ്യമോ ആയി പരിഗണിക്കാൻ പാടില്ല. അതുകൊണ്ട്, വ്യക്തികൾക്കും ദമ്പതികൾക്കും പരിശീലനം ആവശ്യമാണ്. വിശ്വാസത്തിന്റെ ഉള്ളടക്കങ്ങളുടെ പ്രബോധനത്തോട് മുഴുവൻ സഭാസമൂഹത്തിന്റെയും യഥാർത്ഥ ജീവിതാനുഭവങ്ങൾ കൂട്ടിച്ചേർത്തവിധത്തിലായിരിക്കണം പരിശീലനം.

37. സുവിശേഷത്തിന്റെ വെളിച്ചത്തിൽ സഭയുടെ അജപാലപ്രവർത്തനത്തെ മുഴുവനായി നവീകരിക്കണമെന്നും ഇപ്പോൾ വ്യക്തിക്കു നല്കുന്ന ഊന്നൽ മാറ്റണമെന്നും സിനഡുപിതാക്കന്മാർ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടു. ഇക്കാരണത്താൽ, കുടുംബങ്ങളെ കൂടുതൽ ഉൾപ്പെടുത്തിക്കൊണ്ട് വൈദികരുടെയും അജപാലകപ്രവർത്തകരുടെയും പരിശീലനത്തിൽ നവീകരണമുണ്ടാകണമെന്ന് സിനഡുപിതാക്കന്മാർ വീണ്ടും വീണ്ടും നിർബന്ധപൂർവം പറഞ്ഞു.

38. അതുപോലെ സുവിശേഷവത്കണം സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ഘടകങ്ങളെ വ്യക്തമായി തള്ളിപ്പറയണമെന്ന വസ്തുതയും അവർ ഉയർത്തിക്കാണിച്ചു. അത്തരം ഘടകങ്ങളിലൊന്നാണ് വിപണിയുടെ യുക്തിക്കു നല്കുന്ന അമിതപ്രാധാന്യം, അത് യഥാർത്ഥ കുടുംബജീവിതത്തെ തടയുന്നു. അത് വിവേചനത്തിലേക്കും ദാരിദ്ര്യത്തിലേക്കും ഒഴിവാക്കലിലേക്കും അക്രമത്തിലേക്കും നയിക്കും. തന്മൂലം സാമൂഹിക യാഥാർത്ഥ്യങ്ങളോടുള്ള സംവാദവും സഹകരണവും വികസിപ്പിക്കണം. സാംസ്കാരികവും സാമൂഹിക-രാഷ്ട്രീയുമായ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ക്രൈസ്തവരായ അല്മായർക്ക് പ്രോത്സാഹനം നല്കണം.

**വിവാഹവാഗ്ദാനം നടത്തിയവർക്ക് വിവാഹത്തിനു തയ്യാറാകാനുള്ള മാർഗനിർദ്ദേശം**

39. സങ്കീർണമായ സാമൂഹിക യഥാർത്ഥ്യവും ഇന്നത്തെ കുടുംബത്തെ ബാധിക്കുന്ന മാറ്റങ്ങളും ഒരു കാര്യം ആവശ്യമാക്കുന്നു. അതായത്, മുഴുവൻ ക്രൈസ്തവസമൂഹവും വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നവരെ ഒരുക്കാൻ കൂടുതൽ പരിശ്രമിക്കണം. സുപ്രധാന പുണ്യങ്ങളെ ഉൾപ്പെടുത്തണം. പ്രത്യേകിച്ച് ചാരിത്ര്യത്തെ വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ യഥാർത്ഥ വളർച്ചയെ സംബന്ധിച്ചിടത്തോളം അമൂല്യമാണ്. ഇതിനെ സംബന്ധിച്ച് മുഴുവൻ സമൂഹത്തെയും ഇതിൽ ഉൾപ്പെടുത്തുക ആവശ്യമാ

ണെന്ന് സിനഡുപിതാക്കന്മാർ ഒന്നിച്ച് ഊന്നിപ്പറഞ്ഞു. കുടുംബങ്ങളുടെ സാക്ഷ്യത്തെ അനുകൂലിച്ചു കൊണ്ട് അങ്ങനെ ചെയ്യണം. ക്രൈസ്തവോപനയനപഠനപദ്ധതിയിൽ വിവാഹത്തിനുള്ള തയ്യാറെടുപ്പു ഉൾപ്പെടുത്തണം. വിവാഹവും മറ്റു കൂദാശകളും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നല്കണം. അതു പോലെ വിവാഹത്തിനുള്ള ഒരുക്കത്തിനായി പ്രത്യേക കർമ്മപരിപാടികൾ ഉണ്ടായിരിക്കണമെന്ന് അവർ കരുതുന്നു. അവ സഭാത്മക ജീവിതത്തിലുള്ള പങ്കെടുക്കലിന്റെ യഥാർത്ഥ അനുഭവം സൃഷ്ടിക്കണം. കുടുംബ ജീവിതത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുകയും വേണം.

**വിവാഹിതരായ ദമ്പതികളോടൊപ്പം സഞ്ചരിക്കുക: അവരുടെ വിവാഹത്തിന്റെ ആദിമവർഷങ്ങ ളിൽ**

40. വിവാഹം കഴിഞ്ഞിട്ടുള്ള ആദ്യവർഷങ്ങൾ ജീവത് പ്രധാനമാണ്, വൈകാരിക പ്രാധാന്യമുള്ളതാ ണ്. ആ ഘട്ടത്തിൽ ദമ്പതികൾ വിവാഹജവിതത്തന്റെ വെല്ലുവിളികളെയും അർത്ഥത്തെയും കുറിച്ച് കൂടുതൽ ബോധമുള്ളവരായിത്തീരുന്നു. അതുകൊണ്ട് വിവാഹകൂദാശയുടെ ആഘോഷത്തിനപ്പുറത്തും അജപാലനപരമായ സഹഗമനമുണ്ടാകണം. (ഫമിലിയാരിസ് കൊൺസോർസിയോ II). ഇതിനെ സംബന്ധിച്ചിടത്തോളം ഏത് അജപാലനപ്രവർത്തനത്തിലും അനുഭവജ്ഞാനമുള്ള ദമ്പതികൾക്കു സേവനം ചെയ്യാൻ അനുഭവജ്ഞാനമുള്ള ദമ്പതികൾക്കുള്ള ആദർശപരമായ സ്ഥാനം ഇടവകയാണ്. വിവാഹിതരായ ദമ്പതികൾക്ക് കുട്ടികളെന്ന മഹാദാനത്തിലേക്ക് അടിസ്ഥനപരമായ തുറവുണ്ടാകാൻ പ്രോത്സാഹനം ആവശ്യമുണ്ട്. കുടുംബപരമായ ആധ്യാത്മികതയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള പ്രാധാ ന്യത്തിന് ഊന്നൽ നല്കണം. ആധ്യാത്മിക ജീവിതത്തിലുള്ള വളർച്ചയിലും ജീവിതത്തിന്റെ വസ്തു നിഷ്ഠമായ ആവശ്യങ്ങളിലും ഐക്യദാർഢ്യത്തിലും വളരാൻ സ്ഥിരം സമ്മേളിക്കുന്നതിനു പ്രോത്സാ ഹനം നല്കണം. കുടുംബജീവിതത്തിലൂടെ സുവിശേഷവത്കരണം വളർത്തുന്നതിനുള്ള സുപ്രധാ നഘടകങ്ങളായി അർത്ഥപൂർണമായ ലിറ്റർജികൾ, ഭക്ത്യഭ്യാസങ്ങൾ മുഴുവൻ കുടുംബങ്ങൾക്കുവേണ്ടി ആഘോഷിക്കുന്ന കൂർബാന എന്നിവ സൂചിപ്പിക്കപ്പെട്ടു.

**സിവിൾവിവാഹം ചെയ്തവരോ കൂടിത്താമസിക്കുന്നവരോ ആയ ദമ്പതികൾക്കുവേണ്ടിയുള്ള അജ പാലന ശുശ്രൂഷ**

41. സിനഡ് ക്രൈസ്തവവിവാഹത്തെ പ്രഘോഷിക്കുകയും വളർത്തുകയും ചെയ്തു. അതേസമയം ഈ യാഥാർത്ഥ്യത്തിൽ ജീവിക്കാത്ത അനേകരുടെ സാഹചര്യങ്ങളെ അജപാലനപരമായി വിവേചിച്ച റിയാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അത്തരം വ്യക്തികളുമായി അജപാലനപരമായ സംവാദത്തിൽ ഏർപ്പെടുക ആവശ്യമാണ്. അവർക്ക് വിവാഹമെന്ന സുവിശേഷത്തോട് അതിന്റെ പൂർണതയിൽ കുടുതൽ തുറവുണ്ടാകാൻ ഇടയാക്കുന്ന ഘടകങ്ങളെ തിരിച്ചറിയാനാണത്. സുവിശേഷ വത്കരണത്തെയും മാനുഷികവും ആധ്യാത്മികവുമായ വളർച്ചയെയും പോഷിപ്പിക്കാൻ കഴിയുന്ന ഘടകങ്ങളെ അജപാലകർ തിരിച്ചറിയണം. ഇന്നത്തെ അജപാലനപ്രവർത്തനത്തിൽ ഒരു പുതിയഘട കമുണ്ട്. സിവിൾ നിയമപ്രകാരം വിവാഹം ചെയ്തവരുടെയും, അതിൽനിന്ന് വ്യക്തമായ വ്യത്യാസങ്ങ ളുണ്ടെങ്കിലും കൂടിത്താമസത്തിന്റെയും ഭാവത്മകവശങ്ങളെ സംബന്ധിച്ച സംവേദകത്വമാണത്. സഭ ക്രൈസ്തവ സന്ദേശത്തെ വ്യക്തമായി അവതരിപ്പിക്കുന്നതോടൊപ്പം ഈ സാഹചര്യങ്ങളിലുള്ള സർഗാ ത്മകഘടകങ്ങളെ ചൂണ്ടിക്കാണിക്കുകയും വേണം. ക്രൈസ്തവസന്ദേശത്തോട് ഇനിയും യോജിച്ചിട്ടി ല്ലാത്തതോ ഇനി യോജിക്കുകയില്ലാത്തതോ ആയ ഘടകങ്ങളാണവ.

42. സിനഡുപിതാക്കന്മാർ അനേകം രാജ്യങ്ങളിലുള്ള ഒരു പ്രതിഭാസത്തെ ശ്രദ്ധിച്ചു. അതായത് "കൂടു

തൽ കൂടുതൽ ആളുകൾ പരീക്ഷണാർത്ഥം ഒന്നിച്ചു താമസിക്കുന്നു. മതപരമായോ രാഷ്ട്രീയമായോ അംഗീകരിക്കാത്ത ഐക്യമാണത്" (പ്രവർത്തനരേഖ, 81). ചില രാഷ്ട്രങ്ങളിൽ ഇത് പ്രത്യേകമായ പരമ്പരാഗത വിവാഹങ്ങളിലാണു നടക്കുന്നത്. ആ വിവാഹങ്ങൾ കുടുംബങ്ങൾ തമ്മിൽ നശ്ചയിക്കുകയും പല ഘട്ടങ്ങളിലായി ആഘോഷിക്കപ്പെടുകയും ചെയ്യും. മറ്റുരാജ്യങ്ങൾ വേറൊരു പ്രതിഭാസത്തിനു സാക്ഷ്യം വഹിക്കുന്നു. അവിടങ്ങളിൽ ആളുകൾ ദീർഘകാലം ഒന്നിച്ചു താമസിച്ചിട്ട് സഭയിൽ വച്ച് വിവാഹം ആശീർവദിക്കാൻ അപേക്ഷ നല്കുന്നു. വെറുതേ ഒന്നിച്ചുതാമസിക്കുകയെന്നത് സ്ഥാപനപരമോ സുനിശ്ചിതമോ ആയ ഏതിനെയും എതിർക്കുന്ന പൊതുമനോഭാവത്തിൽ അടിയുറച്ച തിരഞ്ഞെടുപ്പാണ്. ജീവിതത്തിൽ കൂടുതൽ സുരക്ഷിതത്വം കാത്തിരിക്കുമ്പോൾ ഇതു നടത്തുന്നു (സ്ഥിര ജോലി, സ്ഥിരവരുമാനം). അവസാനമായി ചില രാജ്യങ്ങളിൽ വസ്തുസ്ഥിതി പ്രകാരമുള്ള (defacto) വിവാഹങ്ങൾ ധാരാളമായി നടക്കുന്നു. കുടുംബത്തെയും വിവാഹത്തെയും സംബന്ധിച്ചുള്ള ക്രൈസ്തവമൂല്യങ്ങളെ തള്ളിക്കളയുന്നതുകൊണ്ടല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ വിവാഹാഘോഷം അമിതച്ചെലവുള്ള കാര്യമായതുകൊണ്ടാണ്. സാമ്പത്തിക ദാരിദ്ര്യമാണ് ആളുകളെ ഇത്തരം ഐക്യത്തിലേക്കു നയിക്കുന്നത്.

43. ഈ സാഹചര്യങ്ങളെല്ലാം സർഗാത്മകപ്രത്യുത്തരങ്ങൾ ആവശ്യപ്പെടുന്നവയാണ്. യഥാർത്ഥ വിവാഹത്തിലേക്കും സുവിശേഷത്തിനുചേർന്ന കുടുംബത്തിലേക്കും നയിക്കുന്ന സാഹചര്യങ്ങളിലേക്ക് അവയെ പരിവർത്തനം ചെയ്യിക്കാൻ അന്വേഷിക്കുന്ന പ്രത്യുത്തരങ്ങളായിരക്കണം അവ. ഈ ദമ്പതികൾ സഹായിക്കപ്പെടണം. ക്ഷമാപൂർവം വിവേകത്തോടെ നയിക്കപ്പെടുകയും വേണം. ഇക്കാര്യം ഓർമ്മിക്കുമ്പോൾ യഥാർത്ഥ ക്രൈസ്തവ കുടുംബങ്ങളുടെ സാക്ഷ്യം, കുടുംബസുവിശേഷവത്കരണ പ്രവർത്തകരെന്ന നിലയിൽ, പ്രത്യേകം ആകർഷകവും സുപ്രധാനവുമാണ്.

**തകർന്ന കുടുംബങ്ങൾക്കുള്ള ശുശ്രൂഷ (വേർപെട്ടവർ, വിവാഹമോചിതർ, വിവാഹമോചനാനന്തരം പുനർവിവാഹം ചെയ്തവർ, മാതാപിതാക്കളിൽ ഒരാൾ മാത്രമുള്ള കുടുംബങ്ങൾ)**

44. പ്രശ്നങ്ങൾ അനുഭവിക്കുന്ന വിവാഹിത ദമ്പതിമാർ അവരുടെ ബന്ധങ്ങളിൽ സഭയുടെ സഹായവും മാർനിർദേശവും പരിഗണിക്കാൻ കഴിവുള്ളവരാകണം. പരസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അജപാലനപ്രവർത്തനം വ്യക്തികൾ ബന്ധങ്ങളെ വീണ്ടുകണ്ടെത്താനും പുനഃസ്ഥാപിക്കാനും വേണ്ട സഹായം ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. ശരിയായ സഹായംകൊണ്ടും അനുരഞ്ജനപ്രവർത്തനങ്ങൾകൊണ്ടും, ദൈവകൃപയാൽ, തൃപ്തികരമായ വിധത്തിൽ പരിഹാരം കണ്ടെത്താൻ പ്രശ്നങ്ങളിൽക്കഴിയുന്ന വലിയൊരു ശതമാനം വിവാഹങ്ങൾക്കും സാധിക്കുമെന്ന് അനുഭവം വ്യക്തമാക്കുന്നുണ്ട്. ക്ഷമിക്കേണ്ടതെങ്ങനെയെന്നറിയുകയും ക്ഷമിക്കപ്പെട്ടതായി അനുഭവിക്കുകയും ചെയ്യുകയെന്നത് കുടുംബജീവിതത്തിലുള്ള ഒരു മൗലികാനുഭവമാണ്. ഭാര്യാഭർത്താക്കന്മർ തമ്മിൽ ക്ഷമിക്കൽ ഒരിക്കലും അവസാനിക്കാത്ത സ്നേഹത്തിന്റെ അനുഭവത്തിലേക്കു കടത്താൻ അവരെ അനുവദിക്കുന്നു (cf 1 കോറി 13:8). ചിലപ്പോൾ ഇത് പ്രയാസമുള്ള കാര്യമാകാം. എന്നാൽ ദൈവത്തിൽ നിന്നു മാപ്പു ലഭിച്ചിട്ടുള്ളവർക്ക് യഥാർത്ഥത്തിൽ ക്ഷമിക്കാനുള്ള ശക്തി ലഭിക്കും. ആ ക്ഷമിക്കൽ വ്യക്തികളെ പുനർജനിപ്പിക്കും.

45. ധീരതയോടെയുള്ള അജപാലനപ്രവർത്തനം അത്യന്താപേക്ഷിതമാണെന്ന് സിനഡു വ്യക്തമാക്കി. സിനഡുപിതാക്കന്മാർ കുടുംബത്തിന്റെ സുവിശേഷത്തോട് തങ്ങൾക്കുള്ള വിശ്വസ്തത ശക്തിയുക്തം ആവർത്തിച്ച് ഉറപ്പിച്ചു പറഞ്ഞു. വേർപിരിയലും വിവാഹമോചനവും വിവാഹിതരായ ദമ്പതികൾക്കും അവരുടെ കുട്ടികൾക്കും എപ്പോഴും കഠിനവേദനയുണ്ടാക്കുന്ന മുറിവുകളാണെന്ന് അവർ അംഗീകരിച്ചു. പുതിയൊരു അജപാലനപദ്ധതി തുടങ്ങുക അത്യാവശ്യമാണെന്ന് അവർക്കു തോന്നി. ആ പദ്ധതി

കുടുംബത്തിലെ ദൗർബല്യമെന്ന ഇന്നത്തെ യാഥാർത്ഥ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരിക്കണം. ദമ്പതികൾ മിക്കപ്പോഴും സഹനത്തിന്റെ സാഹചര്യങ്ങളെ തിരഞ്ഞെടുക്കുകയല്ല ചെയ്യുന്നത് പിന്നെയോ അത്തരം സാഹചര്യങ്ങളെ അവർ "സഹിച്ചുപോകുക"യാണു ചെയ്യുന്നത് എന്ന വസ്തുത അറിഞ്ഞു കൊണ്ടുള്ളതായിരിക്കണം ആ പദ്ധതി. വ്യക്തിപരവും സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ സാഹചര്യങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. അതുകൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ നിർദ്ദേശിച്ചിട്ടുള്ളതുപോലെ (cf ഫമിലിയാരിസ് കൊൺസോർഡിയോ; 84) വിവിധരീതികളിലുള്ള പരിഹാരമാർഗങ്ങൾ പരിഗണിക്കപ്പെടണം.

46. സർവോപരി, എല്ലാ കുടുംബങ്ങളോടും ആദരത്തോടും സ്നേഹത്തോടും കൂടി പെരുമാറണം. യേശു എമ്മാവൂസിലേക്കുള്ള വഴിയേ ശിഷ്യന്മാരോടൊപ്പം സഞ്ചരിച്ചതുപോലെ അവരോടൊപ്പം സഞ്ചരിക്കണം. ഈ സാഹചര്യങ്ങളെ സംബന്ധിച്ചിടത്തോളം ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകൾ പ്രത്യേകം പ്രസക്തമാണ്: "സഭ എല്ലാവരെയും - വൈദികരെയും സന്ന്യസ്തരെയും അല്മായരെയും "സഹഗമനകല"യിലേക്ക് പ്രവേശിപ്പിക്കണം. മറ്റൊരാളുടെ വിശുദ്ധ സ്ഥലത്തു പ്രവേശിക്കുന്നതിനുമുമ്പ് നമ്മുടെ ചെരിപ്പ് അഴിച്ചുമാറ്റണമെന്ന് ഈ കല നമ്മെ പഠിപ്പിക്കുന്നുണ്ട് ( cf പുറ 3:5) ഈ കൂടെപ്പോക്കിന്റെ കാല്‌വയ്പുക്രമം സ്ഥിരവും ഉറപ്പുനല്കുന്നതും സുഖപ്പെടുത്തുന്ന അടുപ്പം, സഹതാപപൂർണവും ബഹുമാനപൂർവകവുമായ നോട്ടം എന്നിവ പ്രദാനം ചെയ്യുന്നതുമായിരിക്കണം. അതേസമയം രക്ഷാകരകവും സ്വാതന്ത്ര്യദായകവുമായ ക്രൈസ്തജീവിതത്തിൽ പക്വത പ്രാപിക്കാൻ സഹായിക്കുന്നതുമായിരിക്കണം (സുവിശേഷത്തിന്റെ സന്തോഷം 169).

47. വേർപെട്ടവർ വിവാഹമോചിതർ അല്ലെങ്കിൽ പരിത്യക്തർ എന്നിങ്ങനെയുള്ള വ്യക്തികളെ അജപാലനപരമായി നയിക്കുന്നവർക്ക് പ്രത്യേകമായ വക തിരിവ് അനുപേക്ഷണീയമാണ്. അനീതിപരമായി വേർതിരിക്കപ്പെടുകയോ വിവാഹമോചിതരാവുകയോ പരിത്യക്തരാവുകയോ ചെയ്തവരുടെ സഹനങ്ങളോട് ബഹുമാനം കാണിക്കണം. ഭർത്താവിന്റെയോ ഭാര്യയുടെയോ ക്രൂരമായ പെരുമാറ്റത്തിനു വിധേയരാക്കപ്പെട്ടവരോടും ബഹുമാനം കാണിക്കണം. അത്തരം പെരുമാറ്റമാണ് അവരുടെ ഒന്നിച്ചുള്ള ജീവിതത്തെ തകർത്തത്. അത്തരം അനീതി ക്ഷമിക്കുകയെന്നത് എളുപ്പമുള്ള കാര്യമല്ല. എന്നാലും ദൈവകൃപ ഈ സഹഗമനത്തെ സാധ്യമാക്കും. അതുകൊണ്ട് അജപാലനപ്രവർത്തനം അനുരഞ്ജന ശ്രമത്തിലേക്ക് വ്യത്യാസങ്ങൾക്കിടയിലുള്ള മധ്യസ്ഥതയിലേക്കു നീങ്ങണം. ആ പരിശ്രമം രൂപതകൾ സ്ഥാപിച്ചിട്ടുള്ള സവിശേഷ "ശ്രദ്ധിക്കൽ കേന്ദ്രങ്ങളിൽ" വച്ചു നടത്താവുന്നതാണ്.

അതേ സമയം സിനഡുപിതാക്കന്മാർ ഊന്നിപ്പറഞ്ഞ ഒരു കാര്യമുണ്ട്. വേർപെടലോ വിവാഹമോചനമോ കുട്ടികളിലുണ്ടാക്കുന്ന അനന്തരഫലങ്ങളെ വിശ്വസ്തവും സർഗാത്മകവുമായ രീതിയിൽ നേരിടണമെന്ന കാര്യമാണത്. ഓരോ കെയ്സിലും സാഹചര്യത്തിന്റെ നിഷ്കളങ്കരായ ഇരകളെ പരിഗണിക്കണം. കുട്ടികൾ മത്സരത്തിന്റെ "വിഷയ"മാക്കപ്പെടാൻ പാടില്ല. മറിച്ച് കുടുംബത്തകർച്ചയുടെ മുറിവിനെ കീഴടക്കാനും ആവുന്നത്ര പ്രശാന്തതയോടെ ജീവിക്കാനും അവർക്കു സാധിക്കുമെന്ന് ഉറപ്പുവരുത്തണം. അതിന് ആവശ്യമായ മാർഗങ്ങൾ കണ്ടെത്തണം. മിക്കപ്പോഴും വിവാഹമോചനത്തോടൊപ്പമുള്ള അനീതി ഓരോ സംഭവത്തിലും സഭ എപ്പോഴും ചൂണ്ടിക്കാണിക്കണം. മാതാപിതാക്കളിൽ ഒരാൾ മാത്രമുള്ള കുടുംബങ്ങളെ നയിക്കുന്നതിനു പ്രത്യേക ശ്രദ്ധ ചെലുത്തണം. ഈ അവസ്ഥയിലുള്ള സ്ത്രീകൾക്കു സവിശേഷസഹായം ലഭിക്കണം. അവർക്കു ഒരു വീടുണ്ടായിരിക്കാനും കുട്ടികളെ വളർത്താനും കഴിയുന്നതിനുവേണ്ടിയാണത്.

48. വിവാഹം അസാധുവാണെന്നു പ്രഖ്യാപിക്കുന്ന പ്രക്രിയ കൂടുതൽ അഭിഗമ്യവും കാലദൈർഘ്യം കുറഞ്ഞതുമാക്കുക ആവശ്യമാണെന്ന് സിനഡുപിതാക്കന്മാരിൽ വലിയൊരു സംഖ്യ ഊന്നിപ്പറഞ്ഞു. പല കാര്യങ്ങളുടെയും കൂട്ടത്തിൽ അവർ ഇങ്ങനെ നിർദ്ദേശിച്ചു: പ്രസ്താവനകൾ സ്ഥിരീകരിക്കുന്ന

തിന് രണ്ടാമത് അതു സംഭവിക്കണമെന്ന ആവശ്യം ഒഴിവാക്കുക. രൂപതാ മെത്രാന്റെ അധികാരത്തിൻ കീഴിൽ ഭരണപരമായ മാർഗങ്ങൾ സാധിക്കുമെങ്കിൽ സ്ഥാപിക്കുക. അസാധുത വ്യക്തമായിരിക്കുന്ന കേസുകളിൽ ലളിതമായ പ്രക്രിയ അനുവർത്തിക്കുക. ചില സിനഡു പിതാക്കന്മർ ഈ നിർദ്ദേശത്തെ എതിർത്തു. വിശ്വസനീയമായ ഒരു വിധി പ്രസ്താവനയുണ്ടാകുമെന്ന് ഉറപ്പുവരുത്താൻ അതിനു സാധിച്ചേക്കുകയില്ലെന്ന് അവർ കരുതി. വിവാഹബന്ധത്തിന്റെ സാധുതയെക്കുറിച്ചുള്ള സത്യം ഉറപ്പിച്ചുപറയണം ഓരോ സംഭവത്തിലും എന്ന് സിനഡുപിതാക്കന്മാർ ഊന്നിപ്പറഞ്ഞു. മറ്റു നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം, വിവാഹകൂദാശയുടെ സാധുതയെക്കുറിച്ച് ഉറപ്പിച്ചുപറയുന്നതിൽ വിവാഹം ചെയ്യുന്നവർ വിശ്വാസത്തിനുള്ള പങ്കു സാധിക്കുമെങ്കിൽ പരീക്ഷിച്ചറിയണം. മാമ്മോദീസാ സ്വീകരിച്ച രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹം എപ്പോഴും ഒരു കൂദാശയാണെന്ന് ഉറപ്പിച്ചുപറയുകയും വേണം എന്നിങ്ങനെ ഊന്നപ്പറഞ്ഞു.

49. വിവാഹകേസുകളെ സംബന്ധിച്ച പ്രക്രിയയുടെ ലഘൂകരണത്തെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ആളുകളെ അതിനായി ഒരുക്കണമെന്ന് സിനഡുപിതാക്കന്മാർ അഭ്യർത്ഥിച്ചു. മുഴുവൻ സമയവും ഇക്കാര്യത്തിനായി പ്രവർത്തിക്കുന്ന വൈദികരെയും അല്മായരെയും ഒരുക്കണമെന്ന് അഭ്യർത്ഥിച്ചു. ഇക്കാര്യം രൂപതാമെത്രാന്റെ ഉത്തരവാദിത്വത്തെ വർധിപ്പിക്കും. രൂപതയിൽ പ്രത്യേക പരിശീലനം ലഭിച്ച കൗൺസിലർമാരെ അതിനായി നിശ്ചയിക്കാം. ബന്ധപ്പെട്ട കക്ഷികൾക്ക് അവരുടെ വിവാഹത്തിന്റെ സാധുതയെക്കുറിച്ച് സൗജന്യമായി ഉപദേശം നല്കാം. ഈ ജോലി ഒരു ഓഫീസിൽ വച്ചു നടത്താം. അല്ലെങ്കിൽ യോഗ്യതയുള്ള വ്യക്തികൾ വഴി നടത്താം (cf ദീഞ്ഞിത്താസ് കൊണ്ണൂബി art. 113, 1).

50. വിവാഹബന്ധം ഒഴിവാക്കിയവരും വീണ്ടും വിവാഹം ചെയ്യാത്തവരുമായ ആളുകൾ വിവാഹവിശ്വസ്തത സംബന്ധിച്ച തങ്ങളുടെ വാഗ്ദാനത്തിന് മിക്കപ്പോഴും സാക്ഷ്യം വഹിക്കുന്നുണ്ട്. അവരുടെ ഇപ്പോഴത്തെ ജീവിതത്തിൽ അവരെ താങ്ങിനിറുത്തുന്ന പോഷണം ദിവ്യകാരുണ്യത്തിൽ കണ്ടെത്താൻ അവരെ പ്രോത്സാഹിപ്പിക്കണം. പ്രാദേശിക സമൂഹവും അജപാലകരും ഔത്സുക്യത്തോടെ ഇവരോടൊപ്പം സഞ്ചരിക്കണം. പ്രത്യേകിച്ച്, അവർക്ക് കുട്ടികളുണ്ടെങ്കിൽ, അല്ലെങ്കിൽ ഗൗരവപൂർണമായ സാമ്പത്തിക പ്രശ്നം അവർ അനുഭവിക്കുന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യണം.

51. അതുപോലെ വിവാഹബന്ധം ഒഴിവാക്കിയിട്ട് വീണ്ടും വിവാഹം ചെയ്തവരുടെ കാര്യത്തിൽ ശ്രദ്ധാപൂർവകമായ തിരിച്ചറിയൽ ആവശ്യമാണ്. വലിയ ആദരത്തോടുകൂടിയ സഹഗമനവും ആവശ്യമാണ്. തങ്ങൾ വിവേചനവിഷയമാണെന്ന് അവർക്ക് തോന്നത്തക്ക ഭാഷയോ പെരുമാറ്റമോ ഉണ്ടാകരുത്. സമൂഹത്തിന്റെ ജീവിതത്തിൽ പങ്കെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. ക്രൈസ്തവസമൂഹത്തിന് അത്തരം വ്യക്തികളോടുള്ള ശ്രദ്ധ അതിന്റെ വിശ്വാസത്തെ ദുർബലപ്പെടുത്തലായോ വിവാഹബന്ധത്തിന്റെ അഭേദ്യതയ്ക്ക് നല്കുന്ന സാക്ഷ്യത്തിന്റെ ദുർബലപ്പെടുത്തലായോ കരുതാൻ പാടില്ല. എന്നാൽ ഈവിധത്തിൽ സമൂഹം അതിന്റെ പരസ്നേഹം പ്രകടിപ്പിക്കുന്നതായി കാണണം.

52. വിവാഹബന്ധം ഒഴിവാക്കി വീണ്ടും വിവാഹം ചെയ്തവരെ കുമ്പസാരിപ്പിക്കാനും അവർക്ക് ദിവ്യകാരുണ്യം നല്കാനും ഇപ്പോഴത്തെ നിയമങ്ങൾ തന്നെ സൂക്ഷിക്കണമെന്ന് ചില സിനഡു പിതാക്കന്മാർ ഊന്നിപ്പറഞ്ഞു. എന്തെന്നാൽ ദിവ്യകാരുണ്യസ്വീകരണവും സഭയുമായുള്ള സംസർഗവും തമ്മിൽ ഘടനാപരമായ ബന്ധമുണ്ട്. അതുപോലെ വിവാഹത്തിന്റെ അഭേദ്യതയെക്കുറിച്ചുള്ള സഭയുടെ പ്രബോധനവുമായും ബന്ധമുണ്ട്. കൂടുതൽ വ്യക്തിപരമായ സമീപനം വേണമെന്ന് മറ്റുള്ള സിനഡുപിതാക്കന്മാർ പറഞ്ഞു. ചില സാഹചര്യങ്ങളിൽ, സുനിശ്ചിതമായ വ്യവസ്ഥകളോടെ അനുവദിക്കണമെന്ന് അവർ പറഞ്ഞു. ഒന്നാമതായി മാറ്റാനാവാത്ത സാഹചര്യങ്ങളും കുട്ടികളെ സംബന്ധിച്ച് ധാർമ്മിക ഉത്തരവാദിത്വമുണ്ടായിരിക്കലും പരിഗണിക്കണം. കുട്ടികൾ നീതിരഹിതമായ സഹനത്തിനു വിധേയരാകരുതല്ലോ. രൂപതാമെത്രാൻ നിശ്ചയിക്കുന്ന പ്രായശ്ചിത്തം മുൻകൂട്ടി ചെയ്തിട്ട് കൂദാശകൾ സ്വീകരിക്കാം.

ഈ വിഷയം സമഗ്രമായി പരിശോധിക്കപ്പെടണം. വസ്തുനിഷ്ഠമായി പാപകരമായ സാഹചര്യവും ഗൗരവവും ലഘൂകരിക്കുന്ന സാഹചര്യവും തമ്മിലുള്ള വ്യത്യാസം ഓർമ്മിച്ചുകൊണ്ട് അങ്ങനെ ചെയ്യണം. "അജ്ഞത. ശ്രദ്ധയില്ലായ്മ, ബലപ്രയോഗം, ഭയം, ശീലം, ക്രമരഹിതമായ അടുപ്പം എന്നിവയ്ക്കും മനഃശാസ്ത്രപരമോ സാമൂഹികമോ ആയ മറ്റു ഘടകങ്ങൾക്കും ഒരു പ്രവൃത്തിയുടെ ആരോപണവിധേയത്വ സാധ്യതയെയും ഉത്തരവാദിത്വത്തെയും കുറയ്ക്കാനോ ഇല്ലാതാക്കാൻ പോലുമോ കഴിയും" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1735).

53. വിവാഹബന്ധം ഒഴിവാക്കിയിട്ട് വീണ്ടും വിവാഹം ചെയ്തവരോ കൂടിത്താമസിക്കുന്നവരോ ആയ വ്യക്തികൾക്ക് ആധ്യാത്മിക കൂട്ടായ്മയിലേക്കു ഫലപ്രദമായി പ്രവേശിക്കാൻ കഴിയുമെന്ന് ചില സിനഡുപിതാക്കന്മാർ അഭിപ്രായപ്പെട്ടു. അത്തരക്കാർക്ക് അങ്ങനെയെങ്കിൽ എന്തുകൊണ്ട് "കൗദാശികമായി" ബന്ധപ്പെടാൻ കഴിയുന്നില്ല എന്ന ചോദ്യം മറ്റു സിനഡു പിതാക്കന്മാർ ഉന്നയിച്ചു. അതിന്റെ ഫലമായി ഈ വിഷയത്തെപ്പറ്റി ദൈവശാസ്ത്രപരമായ കൂടുതൽ പഠനം നടക്കണമെന്നു സിനഡുപിതാക്കന്മാർ അഭ്യർത്ഥിച്ചു. ഇപ്പറഞ്ഞ രണ്ടു രൂപങ്ങളുടെയും സവിശേഷതകളും വിവാഹത്തിന്റെ ദൈവശാസ്ത്രത്തോടുള്ള അവയുടെ ബന്ധവും ആ പഠനത്തിൽ ചൂണ്ടിക്കാണിക്കണം.

54. മിശ്രവിവാഹങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ സിനഡുപിതാക്കന്മാർ കൂടെക്കൂടെ ഉന്നയിക്കുകയുണ്ടായി. ചില സംഭവങ്ങളിൽ ഓർത്തഡോക്സ് സഭകളുടെ വിവാഹസംബന്ധമായ നിയമങ്ങളിലെ വ്യത്യാസങ്ങൾ ഗൗരവപൂർണമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് എക്യുമെനിസത്തിന്റെ പ്രവർത്തനത്തിൽ വേണ്ടവിധം പരിഗണിക്കേണ്ടതാണ്. അതുപോലെ, മതാന്തരവിവാഹങ്ങളെ സംബന്ധിച്ച് മതാന്തരസംവാദം നല്കുന്ന സംഭാവന സുപ്രധാനമായിരിക്കും.

**സ്വവർഗരതിപരമായ പ്രവണതകളുള്ള വ്യക്തികളെ സംബന്ധിച്ച അജപാലനശ്രദ്ധ**

55. ചില കുടുംബങ്ങളിൽ സ്വവർഗരതിപരമായ പ്രവണതയുള്ള അംഗങ്ങളുണ്ട്. സഭയുടെ പ്രബോധനമനുസരിച്ച് ഏതുതരത്തിലുള്ള അജപാലനശ്രദ്ധയാണ് അവർക്ക് ഉചിതമായിരിക്കുന്നതെന്ന് സിനഡുപിതാക്കന്മാർ ചിന്തിച്ചു. സഭയുടെ പ്രബോധനം ഇതാണ്: "വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയോട് ഏതെങ്കിലും തരത്തിൽ സാദൃശ്യമുള്ളതായിട്ടോ വിദൂരസാമ്യമെങ്കിലും ഉള്ളതായിട്ടോ സ്വവർഗരതിപരമായ ഐക്യങ്ങളെ പരിഗണിക്കാൻ യാതൊരു അടിസ്ഥാനവുമില്ല." എന്നാലും സ്വവർഗരതിപരമായ പ്രവണതയുള്ള സ്ത്രീപുരുഷന്മാരെ ബഹുമാനത്തോടും സംവേദകത്വത്തോടും കൂടി സ്വീകരിക്കണം. "അവരെ സംബന്ധിച്ച് അനീതിപരമയ വിവേചനത്തിന്റെ ഓരോ അടയാളവും ഒഴിവാക്കണം" (Congreation for the Doctrine of the Faith, considerations Regarding Proposals to Give Legal Recognition to Unions Bwetween Homo-Sexual Persons 4).

56. ഇതിനെ സംബന്ധിച്ച് സഭയുടെ അജപാലകരുടെ മേൽ നിർബന്ധം ചെലുത്തുന്നത് തികച്ചും അസ്വീകാര്യമായ കാര്യമാണ്. ഒരേ ലിംഗത്തിൽപ്പെട്ടവർ തമ്മിലുള്ള 'വിവാഹം' സ്ഥാപിക്കുന്ന നിയമങ്ങൾ തുടങ്ങുന്നതിനോട് ദരിദ്രരാഷ്ട്രങ്ങൾക്കു സാമ്പത്തിക സഹായം നല്കുന്നതിനെ ബന്ധിപ്പിക്കുന്ന അന്താരാഷ്ട്രസംഘടനകളുടെ കാര്യത്തിലും ഇത് തന്നെയാണ് പറയേണ്ടത്.

**ജീവൻ പകരലും ജനനനിരക്കു കുറയുന്നതിന്റെ വെല്ലുവിളികളും**

57. ഇന്ന് ഒരു മനോഭാവം വളർന്നുവരുന്നത് എളുപ്പത്തിൽ കാണാം. അത് മനുഷ്യജീവന്റെ പ്രത്യുത്പാദനത്തെ കുറയ്ക്കുന്നു. വ്യക്തിയുടെയോ ദമ്പതിയുടെയോ പദ്ധതിയോടു ചേർന്നുപോകാനായിട്ടാണ് അങ്ങനെ ചെയ്യുന്നത്. ചിലപ്പോൾ സാമ്പത്തിക ഘടകങ്ങൾ ഭാരപ്പെടുന്നു. അത് ജനനനിരക്ക് കുത്തനേ കുറയ്ക്കുന്നു. അത് സാമൂഹികഘടനയെ ദുർബലപ്പെടുത്തുന്നു. തലമുറകൾ തമ്മിലുള്ള ബന്ധങ്ങളെ തകർക്കുന്നു. ഭാവിയെ അനിശ്ചിതത്വത്തിലാഴ്ത്തുന്നു. ജീവനോടുള്ള തുറവ് വൈവാഹിക സ്നേഹത്തിന്റെ ഒരു ആന്തരികാവശ്യമാണ്. വിവിധ വൈകല്യങ്ങളുള്ള കുട്ടികളെ സ്വീകരിക്കുകയും വളർത്തുകയും വാത്സല്യപൂർവം ആശ്ലേഷിക്കുകയും ചെയ്യുന്ന കുടുംബങ്ങളെ സഭ സഹായിക്കുന്നുണ്ട്.

58. ഈ മണ്ഡലത്തിലുള്ള അജപാലനപ്രവർത്തനം ജനങ്ങളെ ശ്രദ്ധിച്ചുകേട്ടുകൊണ്ടും ജീവനോടുള്ള വ്യവസ്ഥാതീതമായ തുറവിന്റെ സത്യവും സൗന്ദര്യവും അംഗീകരിച്ചുകൊണ്ടും തുടങ്ങണം. മനുഷ്യജീവിതം പൂർണമായി ജീവിക്കണമെങ്കിൽ അത് ആവശ്യമാണ്. ഉത്തരവാദിത്വപൂർണമായ പ്രത്യുത്പാദനത്തിനുള്ള സ്വാഭാവിക മർഗങ്ങളെ സംബന്ധിച്ച് ശരിയായി പഠിപ്പിക്കാൻ ഇത് അടിസ്ഥാനമാണ്. അത് ഐക്യത്തോടെ ബോധപൂർവകമായ രീതിയിൽ ജീവിക്കാൻ ദമ്പതികളെ അനുവദിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹപൂർണമായ ഐക്യത്തെ അതിന്റെ എല്ലാവശങ്ങളിലും, ജീവനെ പ്രത്യുത്പാദിപ്പിക്കാനുള്ള അവരുടെ ഉത്തരവാദിത്വം ഉൾപ്പെടെയുള്ള എല്ലാവശങ്ങളിലും ഐക്യത്തോടെ ബോധപൂർവം ജീവിക്കാൻ ഇത് അനുവദിക്കുന്നു. ഇതിനെ സംബന്ധിച്ച് വാഴ്ത്തപ്പെട്ട പോൾ 6–ാമൻ മാർപാപ്പായുടെ മനുഷ്യജീവൻ (Humanae Vitae) എന്ന ചാക്രികലേഖനത്തിലെ സന്ദേശത്തിലേക്കു നാം തിരിയണം. ജനനനിയന്ത്രണമാർഗങ്ങളെ ധാർമ്മികമയി വിലയിരുത്തുമ്പോൾ മനുഷ്യമഹത്ത്വത്തിനു നല്കേണ്ട ബഹുമാനത്തെ ഉയർത്തിക്കാണിക്കുന്നു. കുട്ടികളെയും അനാഥരെയും പരിത്യക്തരെയും ദത്തെടുത്ത് അവരെ സ്വന്തക്കാരായി കരുതുന്നത് കുടുംബപ്രേഷിതത്വത്തിന്റെ ഒരു സവിശേഷരൂപമാണ് (cf Apostolicam Actuositatem III, II). ഇതു മിക്കപ്പോഴും സഭയുടെ പ്രബോധാധികാരം ആവശ്യപ്പെട്ടിട്ടുള്ളതും പ്രോത്സാഹിപ്പിച്ചിട്ടുള്ളതുമാണ് (cf Familiaris Consortio, III, II; Evangelium Vitae IV, 93). ദത്തെടുക്കുന്നതും വളർത്തുപിതാക്കളായിരിക്കുന്നതും വിവാഹജീവിതത്തിന്റെ പ്രത്യേക ഫലപൂർണതയെ പ്രകാശിപ്പിക്കുന്നു. വന്ധ്യതയുള്ളതുകൊണ്ടു മാത്രമല്ല അങ്ങനെയായിരിക്കുന്നത്. അത്തരമൊരു തിരഞ്ഞെടുപ്പ് കുടുംബസ്നേഹത്തിന്റെ സുശക്തമായ ഒരു അടയാളമാണ്. വിശ്വാസത്തിന് സാക്ഷ്യം നല്കാനുള്ള ഒരു അവസരമാണ് പുത്രന്റെയോ പുത്രിയുടേയോ മഹത്ത്വം നഷ്ടപ്പെട്ട ഒരു വ്യക്തിക്ക് ആ മഹത്ത്വം വീണ്ടും നല്കാനുള്ള ഒരു അവസരമാണ്.

59. വിവാഹജീവിതത്തിലും വൈകാരികത സഹായം ആവശ്യപ്പെടുന്നതാണ്, വളർച്ചയുടെ മാർഗമെന്ന നിലയിൽ. മറ്റുള്ളവരെ സ്വീകരിക്കുന്നതിലും സ്വയം ദാനം ചെയ്യുന്നതിലും അത് അപ്രകാരമായിരിക്കുന്നു. പരിശീലനപദ്ധതികൾ ഇതിനു അത്യാവശ്യമാണ്. അവ വിവാഹജീവിതത്തെ പോഷിപ്പിക്കുകയും സാക്ഷ്യത്തിന്റെ ജീവിതത്തിൽ ഉൾക്കൊണ്ടിരിക്കുന്ന സഹഗമനം അല്മായർ നടത്തുന്നതിന്റെ പ്രാധാന്യം അതു വ്യക്തമാക്കും. തീർച്ചയായും വിശ്വസ്തവും അഗാധവുമായ ഒരു സ്നേഹത്തിന്റെ മാതൃക വലിയ സഹായകമാണ്. വാത്സല്യത്തോടും സ്നേഹത്താടും കൂടി കാണിക്കുന്ന സ്നേഹമാണത്. കാലഗതിയിൽ വളരാൻ കഴിവുള്ള സ്നേഹമാണത്. ജീവനെ ഉത്പാദിപ്പിക്കാൻ സ്വയം തുറക്കുന്ന പ്രവൃത്തിയാൽത്തന്നെ സർവാതീതമായ മിസ്റ്റിക്കൽ അനുഭവത്തെ സൃഷ്ടിക്കുന്ന ഒരു സ്നേഹമാണത്.

**കുട്ടികളെ വളർത്തലും സുവിശേഷവത്കരണത്തിൽ കുടുംബത്തിനുള്ള പങ്കും**

60. തീർച്ചയായും കുടുംബം ഇന്നു നേരിടുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ ഒരെണ്ണം കുട്ടികളെ വളർത്തുകയെന്നതാണ്. ഇന്നത്തെ സംസ്കാരവും മാധ്യമങ്ങളുടെ വലിയ സ്വാധീനവും ആ ധർമ്മത്തെ കൂടുതൽ പ്രയാസമുള്ളതും കൂടുതൽ സങ്കീർണവുമാക്കിയിരിക്കുന്നു. അനുദിനജീവിത്തിൽ സാക്ഷ്യം നല്കാൻ കഴിയുന്ന കുടുംബങ്ങളുടെ ആവശ്യങ്ങളും പ്രതീക്ഷകളും പരിഗണിക്കേണ്ടതാണ്. നമ്മുടെ അസ്തിത്വത്തെ രൂപപ്പെടുത്തുന്ന സദ്ഗുണങ്ങളുടെ വസ്തുനിഷ്ഠവും സാരാംശപരവുമായ കൈമാറ്റത്തിൽ വളർച്ചയുടെ സ്ഥാനമെന്ന നിലയിൽ കുടുംബത്തിന് അവർ സാക്ഷ്യം നല്കുന്നു. മാതാപിതാക്കൾ തങ്ങളുടെ അവബോധമനുസരിച്ച് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ഇനം സ്വതന്ത്രമായി തിരഞ്ഞെടുക്കാൻ കഴിവുള്ളവരാണവർ.

61. ഈ വിഷയത്തിൽ കുടുംബങ്ങളെ പിന്താങ്ങുന്നതിൽ വിലപ്പെട്ട പങ്കു ഏറ്റെടുക്കാൻ സഭയ്ക്കു കഴിയും. സ്വാഗതംചെയ്യുന്ന സമൂഹങ്ങളായി അങ്ങനെ ചെയ്യാം. ക്രൈസ്തവോപനയനത്തിൽ അതു തുടങ്ങണം. ഈ സമൂഹങ്ങൾ എന്നെത്തേക്കാൾ ഉപരിയായി ഇന്ന് മാതാപിതാക്കൾക്കു സഹായം നല്കണം. അനുദിനജീവിതത്തിന്റെ സങ്കീർണസാഹചര്യത്തിൽ കുട്ടികളെ വളർത്താനുള്ള മാതാപിതാക്കളുടെ ജോലിയിൽ അവരെ സഹായിക്കണം. വ്യക്തിനിഷ്ഠമായ അജപാലന കർമ്മപരിപാടികളിലൂടെ വികസിക്കുന്ന കുട്ടികളോടും കൗമാരപ്രായക്കാരോടും യുവജനത്തോടുമൊപ്പം അവർ സഞ്ചരിക്കണം. ആ കർമ്മപരിപാടികൾ ജീവിതത്തിന്റെ സമ്പൂർണമായ അർത്ഥത്തിലേക്ക് അവരെ പ്രവേശിപ്പിക്കുന്നവയായിരിക്കണം. അവരുടെ തിരഞ്ഞെടുപ്പുകളിലും ഉത്തരവാദിത്വങ്ങളിലും അവരെ പ്രോത്സാഹിപ്പിക്കുന്നവയായിരിക്കണം സുവിശേഷവെളിച്ചത്തിൽ ജീവിച്ചവയായിരിക്കണം. മനുഷ്യവംശത്തിന്റെ വിശപ്പു ശമിപ്പിക്കാനും ജീവനെത്തന്നെ പോഷിപ്പിക്കാനും മറിയത്തിന് തന്റെ വാത്സല്യവും കാരുണ്യവും മാതൃസഹജമായ സംവേദകത്വവുംകൊണ്ടു സാധിക്കും. അതുകൊണ്ട്, കുടുംബങ്ങളും പൊതുവേ ക്രൈസ്തവ ജനവും അവളുടെ മധ്യസ്ഥത തേടണം. അജപാലനപ്രവർത്തനവും മരിയഭക്തിയും കുടുംബസുവിശേഷം പ്രഘോഷിക്കാനുള്ള സമുചിത തുടക്കസ്ഥാനങ്ങളാണ്.

**ഉപസംഹാരം**

62. വലിയ സ്വാതന്ത്ര്യത്തോടും പരസ്പരശ്രവണത്തിന്റെ ചൈതന്യത്തോടും കൂടി നടന്ന സിനഡിന്റെ അധ്വാനത്തിന്റെ ഫലമാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ട ഒരു വിചിന്തനങ്ങൾ. ചോദ്യങ്ങൾ ഉണർത്തുകയും വീക്ഷണങ്ങൾ സൂചിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഇവയുടെ ഉദ്ദേശ്യം. ഇവയെല്ലാം പ്രാദേശിക സഭകളിൽ നടക്കുന്ന വിചിന്തനത്തിലൂടെ വികസിപ്പിക്കപ്പെടുകയും വ്യക്തമാക്കപ്പെടുകയും ചെയ്യും. മെത്രാന്മാരുടെ സിനഡിന്റെ 14-ാം ഓർഡിനറി ജനറൽ അസംബ്ലിയിലേക്കു നയിക്കുന്ന വർഷത്തിൽ അതു നടക്കും. ആ അസംബ്ലി 2015 ഒക്ടോബറിലാണു നടത്തുന്നത്. അതിന്റെ വിഷയം സഭയിലും സമകാലീനലോകത്തിലും കുടുംബത്തിന്റെ വിളിയും മിഷനും എന്നതാണ്.

ഇവ തീരുമാനങ്ങളല്ല. ഇവ എളുപ്പമുള്ള വിഷയങ്ങളുമല്ല. എന്നാലും ദൈവജനം മുഴുവനും ഉൾപ്പെടുന്ന മെത്രാന്മാരുടെ സംഘാത്മകയാത്രയിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കും. സത്യത്തിന്റെയും എല്ലാവർക്കുംവേണ്ടിയുള്ള കാരുണ്യത്തിന്റെയും മാർഗം കണ്ടെത്താൻ അവിടന്നു നമ്മെ നയിക്കും. ഞങ്ങളുടെ ജോലിയുടെ ആരംഭം മുതൽ, വിശ്വാസത്തിൽ ധീരതയുള്ളവരായിരിക്കാനും വിനയത്തോടും സത്യസന്ധതയോടും കൂടി സത്യത്തെ സ്നേഹത്തിൽ ആശ്ലേഷിക്കാനും ഞങ്ങളെ ക്ഷണിച്ചപ്പോൾ മുതൽ ഫ്രാൻസിസ് മാർപാപ്പായുടെ ആഗ്രഹം ഇതായിരുന്നു.